# നവയാഥാസ്ഥികത:
## ഇരുട്ടിൽ തപ്പുന്ന മൗദൂദിസ്റ്റുകൾ

അൻവർ അബൂബക്കർ

ഇസ്‌ലാമിൽ അനുവദനീയമായ പരമാവധി മാർഗങ്ങളും ഉപയോഗിച്ച് ഒറ്റക്കും സംഘടിതമായും പ്രബോധന പ്രവർത്തനങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന ഒരു വലിയ കൂട്ടായ്മയാണ് ഇന്ന് മുജാഹിദ് പ്രസ്ഥാനം. തൗഹീദിന് ഊന്നൽ നൽകികൊണ്ട് പ്രബോധനവീഥിയിൽ മുജാഹിദുകൾ നടത്തിയ ധീരമായ പ്രവർത്തനങ്ങൾ കേരളക്കരയിൽ വലിയ മാറ്റങ്ങൾ തന്നെയാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന് അതിന്റെ ശത്രുക്കൾക്കുപോലും സമ്മതിക്കേണ്ടി വന്നത്, ഈ പ്രസ്ഥാനത്തിന്റെ മാനവികമായ ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഈ രൂപത്തിലേക്ക് മുജാഹിദ് പ്രസ്ഥാനം എത്തിനിൽക്കുന്നതിന്റെ പിന്നിൽ അത് മുറുകെ പിടിക്കുന്ന മനുഷ്യോത്പത്തിയോളം പഴക്കമുള്ള 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന ആദർശത്തിന്റെ ബലവും സ്ഥൈര്യവുമാണ്. ഇതിന്റെ അടിത്തറയിൽ നിന്ന്കൊണ്ടുള്ള വൈയക്തികവും സാമൂഹികവുമായ സംസ്കരണ പ്രവർത്തനങ്ങൾ സുഭദ്രമായി നിർവഹിക്കാൻ കഴിയണമെങ്കിൽ സുസംഘടിതമായ പ്രബോധന പ്രവർത്തനങ്ങളിലുള്ള സജീവത അനിവാര്യമാണ്. ഇതാണ് കേരളത്തിൽ മുജാഹിദ് പ്രസ്ഥാനം നിർവഹിച്ചുപോരുന്നത്. അതിന്റെ ഭാഗമായാണ് വ്യവസ്ഥാപിതമായ നിലക്കുള്ള പൊതുപരിപാടികളും മറ്റും ഗ്രാമങ്ങൾ മുതൽ സംസ്ഥാന തലം വരെ മുജാഹിദുകൾ നടത്തിവരുന്നത്. ഈ പരിപാടികളിലെല്ലാം പൊതുജനങ്ങളുടെ ശ്രദ്ധ ലഭിക്കുവാനും അതുവഴി ഇസ്‌ലാമിനെ കുറിച്ച് ആദ്യവായനയിൽ തന്നെ ചിലത് മനസ്സിലാക്കികൊടുക്കാനും ഉതകുന്ന രൂപത്തിലുള്ള പ്രമേയങ്ങൾ തെരഞ്ഞെടുക്കുന്നതിൽ അതിന്റെ നേതാക്കൻമാർ തുടക്കം മുതലേ ശ്രദ്ധ പുലർത്തിയിട്ടുണ്ട്. മതം ഗുണകാംക്ഷയാണ്, മാനവ മോചനത്തിന് സ്രഷ്ടാവിന്റെ സന്ദേശം എന്നിത്യാദിയുള്ള പ്രമേയങ്ങൾ അതിനുള്ള ഉദാഹരണങ്ങളാണ്. പക്ഷെ ഖേദകരം എന്നു പറയട്ടെ, ഇത്തരം തലക്കെട്ടുകൾ ഏറെ അലോസരപ്പെടുത്തുന്നത് മുസ്‌ലിം സമുദായത്തിന് പുറത്തുള്ളവരെയല്ല, മറിച്ച് അതിനകത്തുള്ളവരെയാണ്. അതുകൊണ്ടുതന്നെ കഴിയുന്ന രൂപത്തിൽ 'പല്ലും നഖവും' ഉപയോഗിച്ച് ആ എതിർപ്പ് അവർ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അസഹിഷ്ണുത വിവിധ തലങ്ങളിൽ ഞെരങ്ങിയും മൂളിയും പ്രകടിപ്പിക്കുന്നതിൽ പുറകിലല്ലാത്ത ഒരു റോൾ ഇന്നും ജമാഅത്തെ ഇസ്‌ലാമിയും അവരുടെ മെഗാഫോണുകളും നിർവ്വഹിച്ചുവരുന്നുണ്ട്. അതിന്റെ ഏറ്റവും അടുത്ത ഉദാഹരണമാണ് 2012 ഡിസംബറിൽ നടക്കാനിരിക്കുന്ന മുജാഹിദ് സമ്മേളന പ്രമേയത്തെ വാഴക്കാട്ടെ 'അഭിനവ ചരിത്രകാരൻ' പ്രബോധനത്തിന്റെ പേരിൽ പ്രകോപന ശൈലിയിൽ വിമർശന വിധേയമാക്കിയത്.[1] 'നവോത്ഥാനത്തിന്റെ ഒരു നൂറ്റാണ്ട്' എന്ന മുജാഹിദുകളുടെ പ്രമേയത്തെ ആവുംവിധം വികൃതമാക്കാൻ 'മുജാഹിദ് പ്രസ്ഥാനം നവോത്ഥാനത്തിൽ നിന്ന് നവയാഥാസ്ഥികതയിലേക്ക്' എന്ന ലേഖനത്തിലൂടെ ഇയാൾ പരിശ്രമിച്ചിട്ടുണ്ട്. എന്നാൽ, 'കായ്ച മരമേ കല്ലേറു കൊള്ളൂ' എന്നു തിരിച്ചറിഞ്ഞ മുജാഹിദുകൾക്ക് ജമാഅത്തെ ഇസ്‌ലാമിയിൽ നിന്നും ഏൽക്കേണ്ടി വരുന്ന ഇത്തരം വാക്കേറുകൾ എന്തിനുവേണ്ടിയാണ് എന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. സമുദായത്തിനും പൊതുസമൂഹത്തിനും വേണ്ടത്ര കായ്കനികൾ നൽകാതെ വെറും ഇത്തിൾ പിടിച്ച മരം

[1] പ്രബോധനം, 28 ഏപ്രിൽ 2012

പോലെ ഊതി വീർപ്പിക്കപ്പെട്ട രൂപത്തിൽ നിൽക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്ക് ഇസ്‌ലാമെന്ന വടവൃക്ഷത്തെ നശിപ്പിക്കാനുള്ള ശ്രമമല്ലാതെ ഇന്നോളം മറ്റെന്തിനാണ് കഴിഞ്ഞിട്ടുള്ളത്?!

ഒരു കാര്യം യഥാർത്ഥസ്ഥിതിയിൽ നിലകൊള്ളുക എന്നതാണല്ലോ യാഥാസ്ഥികത എന്നതുകൊണ്ട് ഭാഷാപരമായി ഉദ്ദേശിക്കുന്നത്, ആ അർത്ഥത്തിൽ ഓരോ മുസ്‌ലിമും യാഥാസ്ഥികനാകാൻ പരിശ്രമിക്കേണ്ടവനാണ്. എന്നാൽ, കേരളക്കരയിൽ അടിസ്ഥാന പ്രമാണങ്ങൾക്ക് തീരെ പരിഗണന നൽകാതെ കണ്ടതും കേട്ടതും മാത്രം ദീൻ ആക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്തുവന്നിരുന്ന ഖുറാഫികൾ, അവരുടെ ഈ ഉദരപൂരണ മാർഗങ്ങൾക്ക് യാതൊരു പ്രമാണത്തിന്റെയും പിൻബലമില്ലാതെ ബാപ്പ കാരണവൻമാരുടെ വിശ്വാസത്തിൽ മാത്രം ഉറച്ചുനിന്നപ്പോൾ അതിനെ അർത്ഥമാക്കിക്കൊണ്ട് മുജാഹിദുകൾ അവർക്കു നേരെ പ്രയോഗിച്ച പദമായിരുന്നു ഇത്. അല്ലാഹുവിന്റെ ക്വുർആനിലും അവന്റെ ദൂതന്റെ ചര്യയിലും പഠിപ്പിച്ചിട്ടില്ലാത്ത, നബി(ﷺ)യുടെ പോരിശയാക്കപ്പെട്ട നാവിലൂടെ ഉത്തമ നൂറ്റാണ്ട് എന്ന് വിശേഷിപ്പിച്ച ആദ്യത്തെ മൂന്ന് തലമുറക്ക് പോലും പരിചയമില്ലാത്ത പല കാര്യങ്ങളും സമൂഹത്തിൽ പ്രചരിപ്പിക്കപ്പെട്ടപ്പോൾ അതിന്റെ പ്രചാരകർക്കു നേരെ ശക്തമായി ഉപയോഗിച്ച ഒരു പദം കൂടിയായിരുന്നു ഈ യാഥാസ്ഥികത. അതുകൊണ്ട് തന്നെ ക്വുർആനും സുന്നത്തും മുറുകെ പിടിക്കേണ്ടതിന്റെയും, സച്ചരിതരായ മുൻഗാമികളുടെ പാത അവലംബിക്കേണ്ടതിന്റെയും പ്രാധാന്യം പ്രസ്തുത വിമർശനാത്മകമായ ഈ പദം കേരള പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ അർത്ഥമാക്കുന്നുണ്ട്. എന്നാൽ ഈ പറഞ്ഞ സ്രോതസ്സുകളിൽ നിന്നും പുറം തിരിഞ്ഞു നിൽക്കുകയും പ്രമാണങ്ങളുടെ വിഷയത്തിൽ ഇന്നും ഇരുട്ടിൽ തപ്പുകയും ചെയ്യുന്ന ജമാഅത്തെ ഇസ്‌ലാമിയെ സംബന്ധിച്ചിടത്തോളം പ്രബോധന വിഷയത്തിൽ യാഥാസ്ഥികത എന്ന പദം തന്നെ ഉപയോഗിക്കുവാൻ അർഹരല്ല എന്നതാണ് വാസ്തവം. കാരണം, പ്രമാണങ്ങളിൽ ആധികാരികമായി വന്ന പല വിഷയങ്ങളും ഇവരുടെ പത്താൻകോട്-വെള്ളിമാടൻ ബുദ്ധിയുടെ അളവുകോലിൽ അളന്നാൽ അവയൊക്കെ പൊട്ടൻകഥകളും യുക്തിഭദ്രതയില്ലാത്തതും, പ്രാദേശികമായി അംഗീകരിക്കാൻ കഴിയാത്തതും സംസ്ഥാനാതിർത്തി കടന്നാൽ മാത്രം അംഗീകരിക്കാൻ കഴിയുന്നതു മൊക്കെയാണ്. അങ്ങനെ തത്വത്തിൽ പ്രവാചകന്റെയും സ്വഹാബിമാരുടെയും അവരുടെ ശ്രേണി പിന്തുടരുന്ന അഹ്‌ലുസ്സുന്നത്തിന്റെ പണ്ഡിതരുടെയും നേർക്കാണ് ഇവരുടെ വിഷം പുരണ്ട പരിഹാസവും വിമർശനവും നിഷേധവുമൊക്കെ പ്രകടമാകുന്നത്. എന്നിരിക്കെ, പ്രമാണങ്ങൾ മാറ്റിവെച്ചുകൊണ്ട് ഏത് അളവുകോലാണ് യാഥാസ്ഥികത എന്ന് വിളിച്ചുപറയാൻ ജമാഅത്തെ ഇസ്‌ലാമിയെ ദൃഷ്ടരാക്കുന്നത് എന്ന് മനസ്സിലാകുന്നില്ല.

പ്രമാണവിരുദ്ധമായ സമീപനം ആരിൽ പ്രകടമായാലും അതിനെ പ്രമാണബദ്ധമായി തന്നെ നേരിടണം എന്നുള്ളത് മുജാഹിദുകൾ സലഫുകളിൽനിന്ന് അനന്തരമെടുത്ത സവിശേഷതയാണ്. ഇതുവരെയുള്ള മുജാഹിദുകളുടെ നവോത്ഥാന പ്രവർത്തനങ്ങൾ തന്നെ അതിന് മതിയായ സാക്ഷ്യമാണ്. പ്രമാണങ്ങളിൽ നിന്നുള്ള വ്യതിയാനത്തിന്റെ എണ്ണമോ വണ്ണമോ നോക്കിയല്ല അതിനെ പ്രതിരോധിക്കേണ്ട ആവശ്യകതയിലേക്ക് എത്തിച്ചേരുന്നത്. ദീനിൽ നിസ്സാരമെന്നോ ഗൗരവമെന്നോ തോന്നാവുന്ന ഒരു സ്ഥിരപ്പെട്ട സംഗതി നിഷേധിക്കുകയോ ദുർവ്യാഖ്യാനത്തിനിരയാക്കുകയോ ചെയ്യുമ്പോൾ സജീവ ഇടപെടലുകൾ നിർവ്വഹിക്കേണ്ടവരാണ് സത്യവിശ്വാസികൾ. വളരെ കർക്കശമായിത്തന്നെ പൂർവ്വസൂരികൾ ഈ ദൗത്യം നിർവഹിച്ചിട്ടുണ്ട്. അതിന്റെ മതിയായ തെളിവാണ് വുളു എടുക്കുമ്പോൾ ഖുഫ്ഫയിൻമേൽ തടവുന്ന വിഷയത്തോട് അഹ്‌ലുസ്സുന്നത്തിന്റെ പണ്ഡിതർ സ്വീകരിച്ച നിലപാട്. ചില വ്യതിചലിച്ച കക്ഷികൾ ഖുഫ്ഫയിൽ തടവുന്ന രീതി ഇസ്‌ലാമികമല്ല എന്ന് പ്രചരിപ്പിച്ചപ്പോൾ ഇമാം ബർബഹാരി (رحمه الله) (329 ഹി), ലാലികാഇ (رحمه الله) (418 ഹി.) എന്നിവരെപ്പോലെയുള്ള അഹ്‌ലുസ്സുന്നയുടെ പണ്ഡിതകേസരികൾ ഈ വിഷയത്തെ ഗൗരവമായി നോക്കിക്കാണുകയും അവരുടെ പുസ്തകങ്ങളിൽ പ്രത്യേക ശീർഷകമായി ഇക്കാര്യം പഠിപ്പിക്കുകയും ചെയ്തു. പ്രസ്തുത വിഷയം അക്വീദാപരമായ വിഷയമായി സുഫ്‌യാൻ അഥൗരി(رحمه الله) (161 ഹി.) പഠിപ്പിച്ചതായി ലാലികാഇ (رحمه الله) എടുത്തുദ്ധരിക്കു

മ്പോൾ[2], 'ശാഖാപര'മെന്ന് അട്ടിമറിക്കപ്പെടാമായിരുന്ന ഒരു വിഷയം എന്തുമാത്രം ഗൗരവമുള്ളതായി സലഫുകൾ പരിഗണിച്ചിരുന്നു എന്നത് ഈ സംഭവം വ്യക്തമാക്കുന്നു.

ഇസ്ലാമിലെ ഏതൊരു പ്രമാണത്തെയും സമൂഹത്തിൽ ദുർവ്യാഖ്യാനം ചെയ്യപ്പെടുമ്പോൾ അതിലിടപെടാതെ മൗനം ഭജിക്കുക എന്നത് സലഫുകളുടെ പാത പിന്തുടരുന്ന മുജാഹിദുകൾക്ക് ആത്മഹത്യാപരമാണ്. അതുകൊണ്ടാണ് തറാവീഹ് റക്അത്തിലെ എണ്ണം, നമസ്കാരത്തിൽ കൈ നെഞ്ചത്ത് വെക്കൽ, ഇബാദത്തിന്റെ അർത്ഥം എന്നിങ്ങനെ ഒട്ടനവധി വിഷയങ്ങൾ കേരളക്കരയിൽ ചർച്ചാവിഷയമായത്. ഇന്നിതാ ഒരു കൂട്ടം മടവൂരികൾ ജിന്നും ശൈത്വാനുമൊക്കെയായി ജനസമൂഹത്തിൽ ഇറങ്ങിയിരിക്കുന്നു; അവർ ഹദീഥുകളെ പച്ചയായി നിഷേധിക്കുകയും പ്രമാണങ്ങളെ ദുർവ്യാഖാനം ചെയ്തുകൊണ്ടുമിരിക്കുന്നു. പ്രബോധനരംഗത്ത് മേൽ സൂചിപ്പിച്ച സലഫുകളുടെ പാരമ്പര്യമുള്ള മുജാഹിദുകളെ സംബന്ധിച്ചിടത്തോളം അതിന്റെ ഇസ്ലാമികമായ വീക്ഷണം പഠിപ്പിച്ചുകൊടുക്കുന്നതിൽ നിന്നും പുറംതിരിഞ്ഞുനിൽക്കുക എന്നുള്ളത് നാളിതുവരെയുള്ള കീഴ്വഴക്കമല്ല. അതിനാൽ ഈ വിഷയത്തിലും പ്രമാണങ്ങളുദ്ധരിച്ച് വ്യതിയാനക്കാരെ നേരിടേണ്ടത് ഏറെ അനിവാര്യമാണ്. അക്കാരണത്താൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി ജിന്ന്-പിശാച് വിഷയങ്ങൾ കൂടുതൽ ചർച്ചയായിട്ടുണ്ട് എന്നതു വാസ്തവം തന്നെ. ഇതിനിടയിലാണ് വ്യതിയാനക്കാരായ മടവൂരികൾ പൊടിപ്പും തൊങ്ങലും മേമ്പൊടിയാക്കി ആരോപിച്ച പല കാര്യങ്ങളും, വസ്തുതാപരമായ ഒരു അന്വേഷണത്തിന് പോലും മിനക്കെടാതെ ആരോ ഓതിക്കൊടുത്തത് അതേപടി എഴുതിപ്പിടിപ്പിച്ച കേരളശബ്ദത്തിലെ വിസർജ്യവുമായി മൗദൂദിസ്റ്റുകൾ രംഗത്തുവരുന്നത്. ജിന്നുബാധയും അതിനുള്ള ചികിത്സയുമൊക്കെ മുമ്പ് മുജാഹിദുകൾ ഉപേക്ഷിച്ചതും ഇന്ന് അതെല്ലാം തിരികെ കൊണ്ടുവരികയാണെന്ന് പറഞ്ഞ് മുജാഹിദുകൾ പഴയകാലത്തേക്ക് അഥവാ യാഥാസ്ഥികതയിലേക്ക് മടങ്ങി പോവുകയാണന്ന് അതിലൂടെ ഒരു വിലാപവും…!! ഇമക്കുറ്റം കണ്ണറിയുകയില്ല എന്നുപറഞ്ഞതു പോലെ ജമാഅത്തിന്റെ ഇവ്വിഷയകമായ ദോഷങ്ങൾ സ്വയം അറിയാഞ്ഞിട്ടാണോ അതോ മടവൂരികളിലൂടെ വന്ന കൂത്ത് ആടിത്തന്നെ തീർക്കാനുള്ള പുറപ്പാടിലാണോ ആവോ! ഏതായാലും മുജാഹിദുകൾക്കെതിരിൽ കുതന്ത്രം മെനയുന്ന ജമാഅത്തെ ഇസ്ലാമിക്ക് ഇതിൽ സന്തോഷിക്കാൻ വകയില്ല എന്നതു തന്നെയാണ് നേര്. കാരണം, മടവൂരികളും ജമാഅത്ത് യുക്തിവാദികളും പ്രചരിപ്പിക്കുന്നത് പോലെ ഇത് ഒരു പുതിയ വിഷയമോ മുജാഹിദുകൾ മുമ്പ് പഠിപ്പിക്കാത്ത കാര്യമോ അല്ല.

ജമാഅത്തെ ഇസ്ലാമിയെ പോലെയുള്ള അഭിനവ മോഡേണിസ്റ്റുകൾ ജിന്ന്-ശൈത്വാൻ-സിഹ്ർ മുതലായ വിഷയങ്ങൾ അപകർഷത മൂലം പഴഞ്ചനും യുക്തിഹീനവുമാണെന്ന് ധരിച്ചവരാണ്. അതിനാൽ പ്രമാണങ്ങൾ കൈവശമിരിക്കെത്തന്നെ ഇവർക്ക് ഇരുട്ടിൽ തപ്പേണ്ടുന്ന ഗതികേടാണ്. കേരള നവോത്ഥാനത്തിൽ മുഖ്യമായ പങ്കു വഹിച്ചത് മുജാഹിദ് പ്രസ്ഥാനമാണ് എന്ന് വാഴക്കാട്ടുകാരൻ സൂചിപ്പിച്ച ഈ പ്രസ്ഥാനത്തിന് ജിന്ന്-പിശാച് വിഷയത്തിൽ അതിന്റെ ഭൂതകാലത്തുണ്ടായിരുന്ന അതേ വിശ്വാസം തന്നെയാണ് വർത്തമാനകാലത്തും. കേരളത്തിലെ ചില പ്രദേശങ്ങളെ ഇസ്ലാഹീ പ്രസ്ഥാനത്തിന്റെ ഈറ്റില്ലവും പോറ്റില്ലവും എന്നൊക്കെ വിശേഷിപ്പിക്കാവുന്ന ഒരു അവസ്ഥയിലേക്ക് എത്തിക്കാൻ പണിയെടുത്ത, എന്തിനേറെ മുജാഹിദ് പ്രസ്ഥാനത്തിന്റെ ആശയ രൂപീകരണത്തിന് നേതൃത്വം കൊടുത്തത് എന്ന് വിമർശകൻ തന്നെ തുറന്ന് സമ്മതിച്ച മഹാനായ കെ.എം. മൗലവി (رحمه الله) പഠിപ്പിച്ച താഴെയുള്ള ഉദ്ധരണി തന്നെ അതിന് മതിയായ തെളിവാണ്:

“റസൂൽ(ﷺ)യോട് 'നുശ്റത്തിനെ' കുറിച്ച് ചോദിക്കപ്പെട്ടു. അത് പിശാചിന്റെ പ്രവർത്തിയിൽ പെട്ടതാണെന്ന് അവിടുന്ന് മറുപടി പറഞ്ഞു. നുശ്റത്ത് എന്ന് പറഞ്ഞാൽ മാരണമോ പിശാച് ബാധയോ ഏറ്റിട്ടുണ്ടെന്ന് വിചാരിക്കപ്പെടുന്നവരെ സുഖപ്പെടുത്തുവാനായുള്ളതും മന്ത്രം

---

[2] ശർഹു ഉസ്വൂൽ ഇഅ്തികാദ് അഹ്ലുസ്സുന്നഃ (1/ന.314/പേ.152)

ഉൾപ്പെട്ടതുമായ ഒരുതരം ചികിത്സയാകുന്നു....... അത് പിശാചിന്റെ വഴിയിൽ പെട്ടതാണെന്ന് നബി(ﷺ) പറഞ്ഞിട്ടുള്ളതിന്റ സാരം: അത് അജ്ഞാനകാലക്കാർ ചികിത്സ ചെയ്തു വരികയും അവർ വിശ്വസിച്ചു വരികയും ചെയ്തിട്ടുള്ളവയിൽ പെട്ടതാണ് എന്നതാകുന്നു. എന്നാൽ ക്വുർആനിലെ ആയത്തുകൾ, അല്ലാഹുവിന്റെ നാമഗുണങ്ങൾ, നബി(ﷺ)യിൽ നിന്ന് ലഭിച്ചിട്ടുള്ള പ്രാർത്ഥനകൾ എന്നിവ കൊണ്ട് മേൽപറഞ്ഞ അവസരങ്ങളിൽ മാരണമോ പിശാച് ബാധയോ ഏറ്റിട്ടുണ്ടെന്ന് വിചാരിക്കപ്പെടുന്ന അവസരങ്ങളിൽ ചികിത്സ നടത്തുന്നത് കൊണ്ട് ദോഷമില്ല.''[3]

നോക്കൂ! പിശാച് ബാധയേറ്റവർക്ക് ക്വുർആനിലെ ആയത്തുകൾ, നബി(ﷺ) പഠിപ്പിച്ച പ്രാർത്ഥനകൾ എന്നിവ കൊണ്ടുള്ള ചികിത്സയുണ്ടെന്ന് കേരള നവോത്ഥാന നായകൻമാർ ആദ്യമേ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, മുജാഹിദ് പ്രസ്ഥാനത്തിന്റെ പ്രസിഡന്റും അമരക്കാരനുമായിരുന്ന ഡോ. എം ഉസ്മാൻ സാഹിബ് (رحمه الله) സൽസബീൽ മാസികയിലൂടെ ഇത്തരം വിഷയങ്ങൾ വിശദമായി കൈകാര്യം ചെയ്തത് സൽസബീൽ വായനക്കാർക്കിടയിൽ മുമ്പ് ചർച്ചയായിട്ടുള്ളതാണ്. മാത്രമല്ല, അതിന്റെ പത്രാധിപരായിരുന്ന കെ. ഉമർ മൗലവി(رحمه الله) ഈ വിഷയത്തിൽ ഡോ. ഉസ്മാൻ സാഹിബി(رحمه الله)നെ ധാരാളം പ്രശംസിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ളതായി അറിയാത്തവരല്ല മുജാഹിദുകൾ. എന്നാൽ ഇതെല്ലം അവഗണിക്കുന്ന ഒരു കൂട്ടം 'കു'ബുദ്ധിപൂജകർ കൂട് വിട്ട് കൂട് മാറിയപ്പോൾ അവർക്ക് കൊടുത്ത മറുപടികളാണ് മൗദൂദികളെയും പ്രകോപിതരാക്കുന്നത്. വിചിത്രമെന്നല്ലാതെ എന്തുപറയാൻ!! പ്രമാണങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ സ്വന്തം പ്രസ്ഥാനത്തിന്റെ കണ്ണിലിരിക്കുന്നത് കോലാണ്, എന്നിട്ടും ആരാന്റെ കണ്ണിലെ കരടു പരതുകയാണ് ഇന്നും മൗദൂദിസ്റ്റുകൾ. പിശാചുബാധയെ പണ്ടുമുതൽക്കേ നിഷേധിച്ചു പോന്നിട്ടുള്ളത് മുഅ്തസിലത്ത്, ക്വദ്‌രിയ്യത്ത് തുടങ്ങിയ അഹ്‌ലുസ്സുന്നത്തിൽനിന്നും പുറത്തുപോയ വിഭാഗങ്ങളാണ്. ഇസ്‌ലാമിന്റെ ആദിമ വിശുദ്ധിയും അഹ്‌ലുസ്സുന്നയുടെ സജീവ പാരമ്പര്യവും അട്ടിമറിച്ചുകൊണ്ട് 'കാലത്തിന്റെ ഗതിയറിഞ്ഞ് തുഴ പിടിക്കാൻ' ശ്രമിച്ചതുകാരണമാണ് ഈ വ്യതിയാനക്കാരുടെ പാരമ്പര്യത്തിന്റെ തണലിൽ ചാരിയിരുക്കേണ്ട ഗതികേട് ജമാഅത്തെ ഇസ്‌ലാമിയെ തേടിവന്നത്. ആ വ്യതിയാനക്കാരുമായുള്ള ജമാഅത്തിന്റെ ബന്ധം കേട്ടോളൂ:

''അല്ലാഹു അഗ്നിയിൽനിന്ന് സൃഷ്ടിച്ച അദൃശ്യജീവികളാണ് ജിന്നുകൾ എന്ന് വിശുദ്ധ ഖുർആൻ പറയുന്നു. 'ജിന്ന്' എന്ന പദം തന്നെ സൂചിപ്പിക്കുന്നതുപോലെ അവർ മനുഷ്യദൃഷ്ടികൾക്ക് അപ്രാപ്യരാണ്. അവർ ദൃശ്യജീവികളുടെ രൂപം സ്വീകരിച്ചാൽതന്നെ, ജിന്ന് വേഷംമാറിയതാണെന്ന് മനസ്സിലാക്കാൻ മനുഷ്യരുടെ പക്കൽ മാധ്യമങ്ങളൊന്നുമില്ല. ജിന്നുകളിൽപെട്ടവരാണ് പിശാചുക്കൾ. പിശാചുക്കൾക്ക് മനുഷ്യരെ ദുർബോധനങ്ങളിലൂടെ വഴിതെറ്റിക്കാനാവും. അതിലപ്പുറം, മനുഷ്യരിൽ കടന്നുകയറാനോ കൂടാനോ ജിന്നുകൾക്ക് കഴിവില്ല. അതിനാൽ, ജിന്നുബാധയെക്കുറിച്ച എല്ലാ വർത്തമാനങ്ങളും കെട്ടുകഥകളാണ്.''[4]

മുസ്‌ലിം സമൂഹത്തെ ആദർശ വിശുദ്ധിയിലേക്ക് കൈപിടിച്ചുയർത്താൻ നിലകൊണ്ട മുജാഹിദ് പ്രസ്ഥാനത്തിന് സ്വീകരിക്കാൻ കഴിയുന്ന ഒന്നല്ല മുകളിലെ വ്യതിചലിച്ച വരികൾ. കാരണം, അത് അല്ലാഹുവിന്റെ ദീനിനെ വെട്ടിമുറിക്കലാണ്, അവന്റെ പ്രവാചകനോടുള്ള ധിക്കാരവുമാണ്. ഇവ്വിഷയകമായി കേരള ജംഇയ്യത്തുൽ ഉലമയുടെ പേരിൽ തന്നെ പുറത്തിറക്കിയ ഗ്രന്ഥത്തിൽ അതിന്റെ ഗൗരവം സൂചിപ്പിക്കുന്നുണ്ട്:

''പിശാചിന്റെ ഉപദ്രവങ്ങൾ കേവലം തോന്നലുകൾ മാത്രമാണെന്ന് തെറ്റിദ്ധരിച്ചവരോ അപ്രകാരം തെറ്റിദ്ധരിപ്പിക്കുന്നവരോ ഇന്ന് സമൂഹത്തിലുണ്ട്. എന്നാൽ ഭൗതികമായിത്തന്നെ പൈശാചിക ഉപദ്രവങ്ങളുടെ പ്രതിഫലനങ്ങൾ ഉണ്ടാകുമെന്നാണ് ക്വുർആനും ഹദീഥും നമ്മെ

[3] കെ.എം.മൗലവിയുടെ ഫത്‌വകൾ- പേ:18 യുവതാ പ്രസിദ്ധീകരണം

[4] ഒ. അബ്ദുറഹ്മാൻ, ഇസ്‌ലാം, ഇസ്‌ലാമിക പ്രസ്ഥാനം, ചോദ്യങ്ങൾക്ക് മറുപടി, പേജ് 217

പഠിപ്പിച്ചിട്ടുള്ളത്... ... പിശാച് മനുഷ്യനിലുണ്ടാക്കുന്ന ഭൗതികമായ പ്രതിഫലനങ്ങളെക്കുറിച്ച് ക്വുർആനും സുന്നത്തും നമ്മെ പഠിപ്പിക്കുന്നുണ്ട്. എന്നാൽ സമൂഹത്തിലെ ഒരു വിഭാഗം ഇതിനെ നിഷേധിക്കുമ്പോൾ മറുവിഭാഗം എല്ലാ രോഗങ്ങളുടെയും മാനസിക പ്രശ്നങ്ങളുടെയും പിന്നിൽ ജിന്നിനെ കണ്ടെത്താൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. യഥാർത്ഥത്തിൽ ഈ രണ്ട് നിലപാടുകൾക്കും മധ്യേയാണ് നാം അംഗീകരിക്കുന്ന പ്രമാണങ്ങൾ നിലകൊള്ളുന്നത്. വിശുദ്ധ ക്വുർആനിന്റെയും തിരുസുന്നത്തിന്റെയും അധ്യാപനങ്ങളും അവയുടെ അടിസ്ഥാനത്തിലുള്ള അഹ്ലുസ്സുന്നയുടെ വീക്ഷണങ്ങളും ജിന്ന് മനുഷ്യശരീരത്തിൽ ഭൗതികമായ സ്വാധീനം ചെലുത്തുമെന്ന് പഠിപ്പിക്കുന്നു. കേവല ബുദ്ധിയുടെ പേരിൽ ഈ വസ്തുതകളെ നിഷേധിക്കുന്ന പ്രവണത അംഗീകരിക്കാൻ കഴിയുന്നതല്ല. ക്വുർആൻ പറയുന്നത് നോക്കുക:

الَّذِينَ يَأْكُلُونَ الرِّبَا لَا يَقُومُونَ إِلَّا كَمَا يَقُومُ الَّذِي يَتَخَبَّطُهُ الشَّيْطَانُ مِنَ الْمَسِّ

“പലിശ തിന്നുന്നവർ പിശാച് ബാധ നിമിത്തം മറിഞ്ഞു വീഴുന്നവൻ എഴുനേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല.” (2:275)

മനുഷ്യനെ പിശാച് ബാധിക്കുമെന്ന് ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ ഇമാം ത്വബ്രി (رحمه الله), ഇമാം ക്വുർത്തുബി (رحمه الله), ഇമാം ഇബ്നു കഥീർ (رحمه الله) മുതലായ പണ്ഡിതൻമാർ രേഖപ്പെടുത്തിയത് നമുക്ക് കാണാം.”[5]

ജിന്നുബാധയെക്കുറിച്ച് സൂചിപ്പിച്ച മേൽഉദ്ധരണി മുജാഹിദുകൾ പുതുതായി വെളിപ്പെടുത്തിയ ഒന്നല്ല. വർഷങ്ങൾക്ക് മുമ്പ് അമാനി മൗലവി(رحمه الله) മുകളിൽ കൊടുത്ത ആയത്തിന് നൽകിയ വിശദീകരണം വായിച്ചാൽ അക്കാര്യം ബോധ്യമാകും. അത് ഇപ്രകാരമാണ്:

“പലിശ തിന്നുന്നവരെപ്പറ്റി ...... لا يقومون إلا كما يقوم (ബാധ നിമിത്തം പിശാച് മറിച്ചു വീഴ്ത്തുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ അവർ എഴുന്നേൽക്കുകയില്ല എന്നത്രെ) അല്ലാഹു പറഞ്ഞത്. ഭ്രാന്തിനെ ഉദ്ദേശിച്ച് مس (മസ്സ്) എന്ന് അറബികൾ പറയാറുണ്ടായിരുന്നു. ‘ബാധ, സ്പർശനം’ എന്നൊക്കെയാണ് അതിന് വാക്കർത്ഥം. പിശാചിന്റെ ബാധ നിമിത്തമാണ് ഭ്രാന്തുണ്ടാകുന്നത് എന്ന അവരുടെ ധാരണയിൽ നിന്നാണ് ഭ്രാന്തിനെ ഉദ്ദേശിച്ച് ആ വാക്ക് പ്രയോഗത്തിൽ വന്നത്. ആ ധാരണ അനുസരിച്ചുള്ള പ്രയോഗം മാത്രമാണ് ‘പിശാച് മറിച്ചു വീഴ്ത്തുക’ (يتخبطه الشيطان) എന്ന വാക്ക്-അഥവാ, പിശാച് ആരെയും മറിച്ച് വീഴ്ത്തുന്നില്ല- എന്ന് ചിലർ പറയുന്നു. പല കാരണങ്ങളാൽ ഈ അഭിപ്രായം അപ്പടി ശരിവെക്കുവാൻ ന്യായം കാണുന്നില്ല”[6]

വസ്തുതകൾ ഇങ്ങനെയൊക്കെയായിരിക്കെ, വളരെ കൃത്യവും സുഭദ്രവുമായ ഒരു ആദർശം മുറുകെ പിടിച്ചു ജീവിക്കുന്ന മുജാഹിദുകളെ കുറിച്ച് ആശയപരമായി അറ്റമില്ലാത്ത അവ്യക്തതകളിൽ ഉഴലുന്നവരായി ചിത്രീകരിക്കുകയാണ് ലേഖകൻ. അതിലെ വിമർശനത്തെ സത്യപ്പെടുത്താൻ പ്രാമാണികമായ ഒരു തെളിവ് പോലും അവതരിപ്പിക്കുവാൻ ലേഖകന് കഴിഞ്ഞിട്ടില്ല എന്നത് അയാളുടെ ആദർശ പാപ്പരത്തെ വ്യക്തമാക്കുന്നു. ഇതിനിടയിൽ വസ്തുത മനസ്സിലാക്കാതെ ‘എന്താണ് മുജാഹിദ് പ്രസ്ഥാനത്തിന് സംഭവിച്ചത്’ എന്ന ഒരു ചോദ്യം വഴി ചുണ്ടങ്ങാ കൊടുത്ത് വഴുതനങ്ങ ചോദിച്ചു വാങ്ങുന്ന അവിവേകികളുടെ അവസ്ഥയിലേക്ക് തരംതാഴുകയാണ് ഈ വിമർശകൻ.

കേരളത്തിൽ ശിർക്കിന്റെ പ്രചാരകരും പ്രയോക്താക്കളുമായി നിൽക്കുന്ന സമസ്ത പൗരോഹിത്യത്തിന്റെ ചൂഷണത്തെ അനാവരണം ചെയ്തുകൊണ്ട് ആളുകളെ ശിർക്കിൽ

[5] ജിന്ന്, പിശാച്, റുക്യഃ ശറഇയ്യഃ: പ്രമാണങ്ങളുടെ വെളിച്ചത്തിൽ, പേജ് 30, 31

[6] അമാനി മൗലവിയുടെ തഫ്സീർ, സൂറഃ അൽബഖറഃ 275-ാം ആയത്തിന്റെ വ്യാഖ്യാനം

നിന്നും രക്ഷപ്പെടുത്താനായി പിശാചിന്റെ പ്രവർത്തനങ്ങളെ കുറിച്ച് മുജാഹിദുകൾ പഠിപ്പിച്ചു. ദിവ്യത്വവാദികൾക്കും ശിർക്ക് പ്രചാരകർക്കും പിശാചിന്റെ സഹായമുണ്ടെന്ന് പറഞ്ഞുകൊണ്ട് അവരുടെ തട്ടിപ്പിന്റെ മുഖം തുറന്നു കാട്ടാൻ പരിശ്രമിക്കുകയും ചെയ്തു. ഇതേ സമയം ഹദീഥ് നിഷേധികൾ പിശാചിന്റെ ഉപദ്രവവും സഹായവുമെല്ലാം ദുർവ്യഖ്യാനിച്ചു ബാക്ടീരിയയും വൈറസുമാക്കി മാറ്റിയ കാഴ്ച ജമാഅത്തുകാരന്റെ ഭൂതകണ്ണാടി ദർശിക്കാതിരുന്നത് എന്തുകൊണ്ട്? ഈ ഹദീഥ് നിഷേധികളെ പ്രമാണങ്ങളുദ്ധരിച്ച് ശരിയായ ദിശയിലേക്ക് കൊണ്ടുവരാൻ മുജാഹിദുകൾ നന്നായി യത്നിച്ചിട്ടുണ്ട്. എന്നാൽ, ജിന്ന് അദൃശ്യവും അഭൗതികവുമായ സൃഷ്ടിയാണെന്നും അവർ ഭൗതികമായ തരത്തിൽ മനുഷ്യനിൽ പ്രതിഫലനങ്ങളുണ്ടാക്കുമെന്നും സഹായിക്കുമെന്നുമെല്ലാം വിശ്വസിച്ചാൽ അയാൾ ശിർക്കൻ വിശ്വാസിയാകും എന്നാണ് മടവൂരി മതം. പ്രസ്തുത പ്രചാരണം ക്വുർആനിനും സുന്നത്തിനും എതിരാണ്. മൺമറഞ്ഞവരും ജീവിക്കുന്നവരുമായ സകല വിശ്വാസികളെയും അകാരണമായി മുശ്രിക്കാക്കുന്ന പ്രവണതയുമാണ്. ഇത് അനുവദിച്ചുകൂടാത്തതാണെന്നത് അതേ തക്ഫീറിന്റെ പാരമ്പര്യം ഉൾകൊള്ളുന്ന മൗദൂദികൾക്ക് ബോധ്യമായിക്കൊള്ളണമെന്നില്ല. മടവൂരികളുടെ ഈ ആരോപണത്തിന്റെ അപകടം മനസ്സിലാകണമെങ്കിൽ സൂറഃ അശ്ശുഅറാഇലെ 221 മുതൽ 223 വരെയുള്ള ആയത്തും അതിന്റെ വിശദീകരണവും വായിച്ചാൽ മതിയാകും. അല്ലാഹു പറയുകയാണ്:

هَلْ أُنَبِّئُكُمْ عَلَىٰ مَن تَنَزَّلُ الشَّيَاطِينُ * تَنَزَّلُ عَلَىٰ كُلِّ أَفَّاكٍ أَثِيمٍ * يُلْقُونَ السَّمْعَ وَأَكْثَرُهُمْ كَاذِبُونَ *

''ആരുടെ മേലാണ് പിശാചുക്കൾ ഇറങ്ങുന്നതെന്ന് ഞാൻ നിങ്ങൾക്ക് വർത്തമാനം അറിയിച്ചു തരട്ടെയോ?! പെരും നുണയന്മാരും പാപികളുമായ എല്ലാവരുടെ മേലും അവർ (പിശാചുക്കൾ) ഇറങ്ങുന്നു. അവർ ചെവികൊടുത്ത് കേൾക്കുന്നതാണ് അവരിൽ അധിക പേരും കള്ളം പറയുന്നവരാകുന്നു''.[7]

ജോത്സ്യന്മാരാണ് ഈ ആയത്തിൽ പ്രധാനമായും ഉദ്ദേശിക്കപ്പെടുന്നത് എന്ന് പൗരാണികരും ആധുനികരുമായ എല്ലാ മുഫസ്സിറുകളും വ്യക്തമാക്കിയിട്ടുണ്ട്. മനുഷ്യർക്ക് അറിയാൻ സാധ്യമല്ലാത്ത ചില കാര്യങ്ങൾ പിശാചുക്കൾക്ക് അറിയാൻ സാധിച്ചേക്കുമെന്നും അത്തരം കാര്യങ്ങൾ പിശാചുക്കൾ ജോത്സ്യൻമാരെ പോലെയുള്ളവരുടെ പൂജകൻമാർക്കോ സേവകൻമാർക്കോ മറ്റോ കൈമാറുമെന്നും ഇവിടെ പഠിപ്പിക്കുകയാണ്. എന്നാൽ ജോത്സ്യൻമാരെ പിശാച് സഹായിക്കുമെന്ന് പറഞ്ഞാൽ തൗഹീദ് പൊളിഞ്ഞുപോകുമെന്ന് ഒരു കൂട്ടർ പ്രചരിപ്പിച്ചാൽ, അല്ലാഹുവിന്റെ ദീനിനെ സ്നേഹിക്കുന്ന മുജാഹിദുകൾ അതിനോട് നിസ്സംഗത പുലർത്തുകയാണോ വേണ്ടത്. പൊതുസമൂഹത്തിന് മുമ്പിൽ അതിന്റെ വസ്തുത വ്യക്തമാക്കി കൊടുക്കേണ്ട ബാധ്യതയുണ്ടെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ് ഇത്തരം വിഷയങ്ങൾ ആനുകാലികമായി കൂടുതൽ ചർച്ചയിൽ കടന്നുകൂടിയത്. അതെല്ലാം സത്യസന്ധമായി മുജാഹിദുകൾ വിളിച്ചു പറയുന്നതിൽ ജമാഅത്തെ ഇസ്‌ലാമിക്ക് ദഹനക്കേടുണ്ടാകുന്നു എങ്കിൽ ആ അസുഖമാണ് എളുപ്പം ചികിത്സിക്കേണ്ടത്. അതല്ല, ഈ വിഷയത്തിൽ മടവൂരികളുടെ ആദർശത്തോടാണ് ജമാഅത്തെ ഇസ്‌ലാമിയുടെ കൂറ് എങ്കിൽ അറിയുക, രാഷ്ട്രീയമായ വിഷയങ്ങൾ കോട്ടിമാറ്റാൻ ഇല്ലാത്തതുകൊണ്ട് നിങ്ങളുടെ ആത്മീയ നേതാവ് മൗദൂദിയും പ്രസ്തുത ആയത്തിന് വ്യാഖ്യാനം നൽകിയത് പൂർവികരുടെ വിശദീകരണം പോലെ തന്നെയാണ്. 'അവരിൽ അധിക പേരും കള്ളം പറയുന്നവരാകുന്നു' എന്നതിനെ കുറിച്ച് മൗദൂദി വിശദീകരിച്ചതു കേട്ടോളൂ:

''ഇതിന്നു രണ്ടു വിവക്ഷകളുണ്ടാകാം: ഒന്ന്, ചെകുത്താന്മാർ ചിലതൊക്കെ കട്ടുകേട്ടു തങ്ങളുടെ മിത്രങ്ങൾക്കെത്തിച്ചുകൊടുക്കുന്നുണ്ട്. അതിൽ തുഛമായ യാഥാർത്ഥ്യങ്ങളോടൊപ്പം ഏറെ കള്ളങ്ങൾ കലർത്തുന്നു. രണ്ട്, ഈ വ്യാജന്മാരായ മന്ത്രവാദികൾ ചെകുത്താന്മാരിൽനിന്ന് ചിലതെല്ലാം കേട്ടിട്ട് അതിൽ സ്വന്തം വകയായി ധാരാളം കളവുകൾ കലർത്തി ജനത്തിന്റെ ചെവികളിൽ ഊതുന്നു. ഇതിന്റെ വിവരണം ഹസ്രത്ത് ആയിശ(﵂)യിൽനിന്ന് ബുഖാരി ഉദ്ധരിച്ച ഒരു ഹദീസിൽ വന്നിട്ടുണ്ട്. അവർ പറഞ്ഞു: ചിലർ നബി(ﷺ)യോട് മന്ത്രവാദികളെക്കുറിച്ച് ചോദിക്കുകയുണ്ടായി. അവിടന്നു പ്രസ്താവിച്ചു: അവർ

[7] ക്വുർആൻ 26:221-223

ഒന്നുമേയല്ല. ചോദ്യകർത്താക്കൾ ബോധിപ്പിച്ചു: തിരുദൂതരേ, ചില സമയങ്ങളിൽ അവർ പറയുന്നതു ശരിയാകുന്നുണ്ടല്ലോ. അവിടന്നു പറഞ്ഞു; ജിന്നുകൾ തട്ടിയെടുത്തു കൊണ്ടുവന്ന് അവരുടെ കൂട്ടുകാരുടെ കാതുകളിൽ ഊതിക്കൊടുക്കുന്നതാണ് ശരിയാകുന്നത്. പിന്നീട് അവർ അതിന്റെ കൂടെ അനേകം കള്ളങ്ങൾ കൂട്ടിക്കലർത്തി കഥ ചമയ്ക്കുന്നു.''[8]

മുകളിൽ വിവരിച്ച സംഗതികൾ വിശ്വസിക്കുക വഴി അഭൗതിക മാർഗത്തിലൂടെയുള്ള സഹായം മനുഷ്യന് അഭൗതിക സൃഷ്ടിയായ ജിന്നിലൂടെ ലഭിക്കുകയാണെന്നും മറ്റും പ്രചരിപ്പിച്ച് വിവരക്കേടിന്റെ അങ്ങേയറ്റത്തു നിൽക്കുകയാണ് മടവൂരികൾ. ഇതിന്റെ ഗൗരവം അവരെ ഉണർത്താൻ തന്റേടമുണ്ടോ നിങ്ങൾക്ക്?. അതില്ലെങ്കിൽ പിന്നെ പ്രസ്തുത ദൗത്യം ആർജവത്തോടെ നിർവഹിക്കുന്ന മുജാഹിദുകളെ അതിന്റെ പേരിൽ അതിരുകടന്ന ആത്മീയ വാദികളായി പുഛിക്കുന്നതിന്റെ വ്യാധി മനസ്സിലാകുന്നില്ല. വാസ്തവത്തിൽ ഇതുപോലെയുള്ള വിഷയങ്ങൾ മലയാളികൾക്കിടയിൽ ചർച്ച ചെയ്യുന്നത് ഇതാദ്യമായല്ല. എന്നാൽ പിശാച് അവന്റെ മിത്രങ്ങളെ സഹായിക്കുമെന്നത് വിശ്വസിച്ചാൽ അയാൾ മുശ്‌രിക്കായി പോകും എന്ന മൂന്നാംലോക വാദം കേരളത്തിൽ ഇറക്കുമതി ചെയ്യപ്പെട്ടത് നൂറ്റാണ്ടുകൾക്കിടയിൽ ആദ്യമായിട്ടാണെന്ന് മടവൂരികളും അവരിൽനിന്നും ഊർജ്ജം കടമെടുത്ത മൗദൂദികളും തിരിച്ചറിയണം.

കേരളത്തിലെ ജമാഅത്തുകാർ മടവൂരികളെ പോലെ തന്നെ ബുഖാരിയിലും മുസ്‌ലിമിലും, ക്വുർആനിനും ബുദ്ധിക്കുമെതിരായ ധാരാളം ദുർബ്ബല ഹദീസുകളുണ്ടെന്ന് വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരാണ്. അതിന്റെ ഉദാഹരണമാണ് സിഹ്ർ ഫലിക്കില്ല എന്ന രണ്ടുകൂട്ടരുടെയും സങ്കരവിശ്വാസം. നബി(ﷺ)ക്ക് സിഹ്ർ ബാധിച്ചുവെന്ന ഹദീസ് ക്വുർആനിനെതിരാണ് എന്ന് പ്രചരിപ്പിക്കുന്ന കേരളത്തിലെ മൗദൂദികൾ ഈ വിഷയത്തിൽ ഒരു കൗതുകമാണ്. കാരണം, സംസ്ഥാനാതിർത്തി കടന്നാൽ ഇതെല്ലാം അംഗീകരിക്കുന്നവരാണ് കേരളേതര മൗദൂദികൾ. മാത്രവുമല്ല, തഫ്ഹീമുൽ ക്വുർആനിലൂടെ ഈ ഹദീഥ് നിഷേധ പ്രവണതക്ക് തക്കതായ മറുപടി നൽകിയ വ്യക്തി കൂടിയാണ് ഇവരുടെ സയ്യിദ് സാക്ഷാൽ മൗദൂദി. പക്ഷെ, ഇതൊന്നും കേരള മൗദൂദികളുടെ ശക്തിയില്ലാത്ത യുക്തിക്ക് താങ്ങാൻ കഴിയാത്തതിനാൽ ആ പരാമർശങ്ങൾ മൂലഗ്രന്ഥത്തിൽനിന്നു തന്നെ കട്ടുമുറിക്കുക യായിരുന്നു. ചരിത്രത്തിൽ കേട്ടുകേൾവി പോലും ഇല്ലാത്ത ഈ നിഷ്കരുണ 'ഭ്രൂണഹത്യ' ഒരു കെടാവിളക്കായി അണികൾ സംരക്ഷിച്ചു വരുന്നു. ഒസ്സാന്റെ മൂശാൻ കല്ല് പോലെ അനുദിനം ലോപിച്ചുകൊണ്ടിരിക്കുന്ന ഖുതുബാത് ഉൾപ്പടെയുള്ള നിരവധി ഗ്രന്ഥങ്ങൾ ഈ അതിക്രമത്തിന്റെ ഇരകളാണ്. എന്നാൽ അല്ലാഹുവിന്റെ ഗ്രന്ഥവും അതിന്റെ യഥാർത്ഥ വിശദീകരണവുമെല്ലാം അല്ലാഹു സർവ കുതന്ത്രക്കാരിൽ നിന്നും സംരക്ഷിക്കും. സിഹ്ർ ഫലിക്കുമെന്നത് അല്ലാഹു ക്വുർആനിലൂടെ അറിയിച്ച കാര്യമാണ്. അല്ലാഹു പറഞ്ഞില്ലേ:

وَاتَّبَعُوا مَا تَتْلُو الشَّيَاطِينُ عَلَىٰ مُلْكِ سُلَيْمَانَ ۖ وَمَا كَفَرَ سُلَيْمَانُ وَلَـٰكِنَّ الشَّيَاطِينَ كَفَرُوا يُعَلِّمُونَ النَّاسَ السِّحْرَ وَمَا أُنزِلَ عَلَى الْمَلَكَيْنِ بِبَابِلَ هَارُوتَ وَمَارُوتَ ۚ وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّىٰ يَقُولَا إِنَّمَا نَحْنُ فِتْنَةٌ فَلَا تَكْفُرْ ۖ فَيَتَعَلَّمُونَ مِنْهُمَا مَا يُفَرِّقُونَ بِهِ بَيْنَ الْمَرْءِ وَزَوْجِهِ ۚ وَمَا هُم بِضَارِّينَ بِهِ مِنْ أَحَدٍ إِلَّا بِإِذْنِ اللَّـهِ ۚ وَيَتَعَلَّمُونَ مَا يَضُرُّهُمْ وَلَا يَنفَعُهُمْ ۚ وَلَقَدْ عَلِمُوا لَمَنِ اشْتَرَاهُ مَا لَهُ فِي الْآخِرَةِ مِنْ خَلَاقٍ ۚ وَلَبِئْسَ مَا شَرَوْا بِهِ أَنفُسَهُمْ ۚ لَوْ كَانُوا يَعْلَمُونَ

''സുലൈമാൻ നബിയുടെ രാജവാഴ്ചയുടെ (രഹസ്യമെന്ന) പേരിൽ പിശാചുക്കൾ പറഞ്ഞുപരത്തിക്കൊണ്ടിരുന്നത് അവർ (ഇസ്രായീല്യർ) പിൻപറ്റുകയും ചെയ്തു. സുലൈമാൻ നബി ദൈവനിഷേധം കാണിച്ചിട്ടില്ല. എന്നാൽ ജനങ്ങൾക്ക് മാന്ത്രികവിദ്യ പഠിപ്പിച്ചുകൊടുത്ത് കൊണ്ട് പിശാചുക്കളാണ് ദൈവ നിഷേധത്തിൽ ഏർപെട്ടത്. ബാബിലോണിൽ ഹാറൂത്തെന്നും മാറൂത്തെന്നും പേരുള്ള രണ്ടു മലക്കുകൾക്ക് ലഭിച്ചതിനെയും (പറ്റി പിശാചുക്കൾ പറഞ്ഞുണ്ടാക്കിക്കൊണ്ടിരുന്നത് അവർ പിന്തുടർന്നു). എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും, ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു; അതിനാൽ

---

[8] തഫ്ഹീമുൽ ഖുർആൻ, സൂറഃ അശ്ശുഅറാഅ് 223-ാം ആയത്തിന്റെ വ്യാഖ്യാനം

(ഇത് ഉപയോഗിച്ച്) ദൈവനിഷേധത്തിൽ ഏർപെടരുത് എന്ന് അവർ പറഞ്ഞു കൊടുക്കാതിരുന്നില്ല. അങ്ങനെ അവരിൽ നിന്ന് ഭാര്യാഭർത്താക്കൻമാർക്കിടയിൽ ഭിന്നതയുണ്ടാക്കുവാനുള്ള തന്ത്രങ്ങൾ ജനങ്ങൾ പഠിച്ച് കൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതുകൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല. അവർക്ക് തന്നെ ഉപദ്രവമുണ്ടാക്കുന്നതും ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവർ പഠിച്ചു കൊണ്ടിരുന്നത്. അത് (ആ വിദ്യ) ആർ വാങ്ങി (കൈവശപ്പെടുത്തി)യോ അവർക്ക് പരലോകത്ത് യാതൊരു വിഹിതവുമുണ്ടാവില്ലെന്ന് അവർ ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ട്. അവരുടെ ആത്മാവുകളെ വിറ്റ് അവർ വാങ്ങിയ വില വളരെ ചീത്ത തന്നെ. അവർക്ക് വിവരമുണ്ടായിരുന്നെങ്കിൽ!"[9]

ഭാര്യാഭർത്താക്കൻമാർക്കിടയിൽ ഭിന്നതയുണ്ടാക്കുവാനായി സിഹ്ർ സുലൈമാൻ നബി(ﷺ)യുടെ കാലത്ത് ഉപയോഗിച്ചിരുന്നു എന്നും അല്ലാഹുവിന്റെ അനുമതി കൂടാതെ അതുകൊണ്ട് ഒരു ഉപദ്രവവും ചെയ്യാൻ കഴിയില്ല എന്നും അല്ലാഹു വ്യക്തമാക്കുമ്പോൾ, സിഹ്റ് ഫലിക്കില്ല എന്നു പറഞ്ഞുകൊണ്ട് അല്ലാഹുവിനെ ദീൻ പഠിപ്പിക്കുവാനാണ് മടവൂരികളുടെയും കേരള മൗദൂദികളുടെയും പുറപ്പാട്. ജമാഅത്തുകാരന്റെ പത്തായത്തിനുള്ളിലിരിക്കുന്ന തഫ്ഹീമുൽ ക്വുർആനിൽ മൗദൂദി മേൽസൂക്തത്തിന് നൽകിയ വ്യാഖ്യാനം പൊടിപിടിച്ചുപോയിട്ടില്ല എങ്കിൽ ഒന്ന് മനസ്സിരുത്തി വായിക്കുന്നത് നല്ലതാണ്. ഭാര്യാഭർത്താക്കൻമാർക്കിടയിൽ ഭിന്നതയുണ്ടാക്കുവാൻ സിഹ്ർ ഉപയോഗപ്പെടുത്തുന്നതിനെ സംബന്ധിച്ച് മൗദൂദി എഴുതുകയാണ്:

"അന്യരുടെ ഭാര്യമാരെ ഭർത്താക്കളിൽനിന്ന് തെറ്റിച്ച്, തങ്ങളിൽ അനുരക്തകളാക്കുവാൻ പറ്റുന്ന ആഭിചാരത്തിനും മാന്ത്രികവിദ്യകൾക്കും ഉറുക്കുകൾക്കുമാണ് ആ മാർക്കറ്റിൽ കൂടുതൽ ആവശ്യക്കാരുണ്ടായിരുന്നത്. ഇതത്രെ, അന്നവർ അകപ്പെട്ടുകഴിഞ്ഞിരുന്ന ധാർമ്മികാധഃപതനത്തിന്റെ പാരമ്യം! ഒരു സമുദായത്തിലെ വ്യക്തികളുടെ ഏറ്റവും രസകരമായ ജോലി പരസ്ത്രീകളിൽ കണ്ണുവെക്കുകയെന്നതായിത്തീരുകയും അന്യരുടെ വിവാഹത്തിലിരിക്കുന്ന സ്ത്രീകളെ അവരുടെ ഭർത്താക്കളിൽനിന്നും വേർപ്പെടുത്തി സ്വന്തമാക്കുന്നത് തങ്ങളുടെ ഏറ്റവും വലിയ വിജയമായി ഗണിക്കുകയും ചെയ്കയെന്നതിനേക്കാൾ താണപടിയിലുള്ള ധാർമ്മികാധഃപതനം വിഭാവനം ചെയ്കപോലും സാധ്യമല്ല. ഭാര്യാഭർത്തൃബന്ധം മാനുഷിക നാഗരികതയുടെ അടിവേരാണ്. മനുഷ്യന്റെ നാഗരികതയുടെ നന്മ സ്ത്രീപുരുഷബന്ധം നന്നാകുന്നതിനെയും, നാഗരികതയുടെ നാശം സ്ത്രീപുരുഷബന്ധം ദുശിക്കുന്നതിനെയും ആശ്രയിച്ചാണിരിക്കുന്നത്. അതിനാൽ, തന്റെയും താനുൾക്കൊള്ളുന്ന സമൂഹത്തിന്റെയും നിലനില്പ് ഏതൊന്നിന്റെ നിലനില്പിനെ ആശ്രയിച്ചിരിക്കുന്നുവോ അതിന്റെ അടിവേരിനുതന്നെ കോടാലിവെക്കുന്ന വ്യക്തി മനുഷ്യവംശത്തിലെ ഏറ്റവും ദുഷിച്ച നാശകാരിയാണ്. ഒരു നബിവചനത്തിൽ ഇങ്ങനെ വന്നിട്ടുണ്ട്: ഇബ്‌ലീസ് തന്റെ കേന്ദ്രത്തിൽനിന്ന് ഭൂമിയുടെ നാനാഭാഗത്തേക്കും ഏജന്റുമാരെ അയക്കുന്നു; ഓരോ ഏജന്റും മടങ്ങിവന്ന് അവരവരുടെ പ്രവർത്തനറിപ്പോർട്ട് ഇബ്‌ലീസിനെ കേൾപ്പിക്കുന്നു. ഒരുത്തൻ പറയും, ഞാൻ ഇന്ന കുഴപ്പം സൃഷ്ടിച്ചു. മറ്റൊരുവൻ പറയും ഞാൻ ഇന്ന തിന്മ പ്രചരിപ്പിച്ചു. പക്ഷേ, ഇബ്‌ലീസ് ഓരോരുത്തരോടും മറുപടി പറയും, 'നീ ഒന്നും പ്രവർത്തിച്ചില്ല' എന്ന്. പിന്നീട് വേറൊരുത്തൻ വന്ന് ഇങ്ങനെ അറിയിക്കും: 'ഞാൻ ഒരു സ്ത്രീയെ അവളുടെ ഭർത്താവിൽനിന്നും വേർപ്പെടുത്തിയിട്ടാണ് വന്നത്'. ഇതുകേട്ട മാത്രയിൽ ഇബ്‌ലീസ് ചാടി എണീറ്റ് അവനെ ആലിംഗനം ചെയ്കയും 'നീയാണ് കൃത്യം നിർവ്വഹിച്ച് വന്നിട്ടുള്ള'തെന്ന് പറയുകയും ചെയ്യും. ഈ നബിവചനത്തെക്കുറിച്ച് ചിന്തിക്കുന്നപക്ഷം, ഇസ്രായീല്യരുടെ പരീക്ഷണത്തിന്നായി നിയോഗിക്കപ്പെട്ട മലക്കുകളോട്, ഭാര്യഭർത്താക്കളെ തെറ്റിക്കുന്ന മാരണവിദ്യ പഠിപ്പിക്കാൻ നിർദ്ദേശിച്ചതെന്തിനാണെന്ന്

[9] ക്വുർആൻ 2:102

നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. അവരുടെ ധാർമ്മികാധഃപതനം ശരിക്കും അളന്നുപരിശോധിക്കാൻ കഴിയുന്ന ഏകമാനദണ്ഡം ഇതൊന്നുമാത്രമായിരുന്നു.''[10]

മോഡേൺ സംസ്കാരത്തിന്റെ മുമ്പിൽ ചില പരിഷ്കാരങ്ങളോടെ ഒരു സ്ക്രിപ്റ്റ് അവതരിപ്പിക്കാനും മുകളിലെ വിശദീകരണം നൽകുന്നതോടൊപ്പം അദ്ദേഹം മറന്നിട്ടില്ല എന്നത് മൗദൂദികളെ സന്തോഷിപ്പിക്കാതിരിക്കില്ല. ഹാറൂത്തെന്നും മാറൂത്തെന്നും പേരുള്ള രണ്ടു മലക്കുകളെ കുറിച്ച് അല്ലാഹുവിന്റെ ഖുർആനിൽ പ്രസ്താവിച്ചതിനെ മൗദൂദി തന്റെ ബുദ്ധിക്കത്തിക്ക് ഇരയാക്കിക്കൊണ്ടാണ് അദ്ദേഹം ആ ദൗത്യം നിർവ്വഹിച്ചത്. ദാ അത് ഇങ്ങനെ:

''ഈ വാക്യത്തിന്റെ വ്യാഖ്യാനത്തിൽ ഭിന്നാഭിപ്രായമുണ്ട്. എന്നാൽ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞതിന്റെ ചുരുക്കമിതാണ്: ഇസ്രായീൽസമുദായം മുഴുവനും ബാബിലോണിൽ ബന്ധനസ്ഥരും അടിമകളുമായി കഴിഞ്ഞിരുന്ന കാലത്ത്, അവരെ പരീക്ഷിക്കുവാനായി അല്ലാഹു രണ്ടു മലക്കുകളെ മനുഷ്യരൂപത്തിൽ അവരിലേക്ക് അയച്ചിരിക്കാം. ലൂത്തി(عليه السلام)ന്റെ ജനതയുടെ അടുക്കൽ മലക്കുകൾ അഴകുള്ള ആൺകുട്ടികളുടെ രൂപത്തിൽ ചെന്നിരുന്ന പോലെ, ഇസ്രായീല്യരുടെ അടുത്ത് ഭിക്ഷുക്കളുടെയും സന്യാസിമാരുടെയും വേഷത്തിൽ പോയിരിക്കണം, അവർ അവിടെ ചെന്നു, ഒരു വശത്ത്, ആഭിചാരചന്തയിൽ തങ്ങളുടെ വകയായും ഒരു കട തുറന്നിരിക്കാം. മറുവശത്ത്, ഇസ്രായീല്യരുടെ മേൽ ലക്ഷ്യം പൂർത്തീകരിക്കുവാനായി, 'ഞങ്ങൾ നിങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പരീക്ഷണമാണ്; അതുകൊണ്ട് നിങ്ങളുടെ ഭാവിയെ നിങ്ങൾ അപകടപ്പെടുത്തരുത്' എന്ന് ഓരോരുത്തർക്കും അവർ മുന്നറിയിപ്പ് നൽകുകയും ചെയ്തിരിക്കാം. എന്നിട്ടും, അവർ പഠിപ്പിച്ചിരുന്ന ഇന്ദ്രജാലങ്ങളും മന്ത്രവിദ്യകളും ഉറുക്കുപണികളും പഠിക്കാൻ തന്നെ ആ ജനത തുനിഞ്ഞിറങ്ങിയിരിക്കാം. മലക്കുകൾ മനുഷ്യരൂപത്തിൽ വന്ന് പ്രവർത്തിക്കുന്നതിൽ ആരും വിസ്മയിക്കേണ്ടതില്ല. ഈ മഹാപ്രപഞ്ചമാകുന്ന ദൈവികഭരണകൂടത്തിലെ പ്രവർത്തകരാണ് മലക്കുകൾ. ഔദ്യോഗിക കർത്തവ്യങ്ങൾ നിർവ്വഹിക്കുന്ന വിഷയത്തിൽ, ഏതവസരത്തിൽ ഏതു രൂപം കൈക്കൊള്ളേണ്ടത് ആവശ്യമായിവരികയാണെങ്കിലും അതവർക്ക് സ്വീകരിക്കാം. നാമിതു പറയുമ്പോഴും ഏത്രയോ മലക്കുകൾ മനുഷ്യവേഷത്തിൽ വന്ന് നമുക്കിടയിൽ പ്രവർത്തിക്കുന്നില്ലെന്നാരറിഞ്ഞു! സ്വതേ നിഷിദ്ധമായ ഒരു സംഗതി മലക്കുകൾ പഠിപ്പിക്കുകയെന്ന പ്രശ്നമാണെങ്കിൽ, ഒരുദാഹരണത്തിലൂടെ അത് മനസ്സിലാക്കാം: കൈക്കൂലി വാങ്ങുന്ന ഒരു ഗവൺമെന്റുദ്യോഗസ്ഥനെ കുറ്റം ചെയ്യുന്ന സന്ദർഭത്തിൽതന്നെ തൊണ്ടിസഹിതം പിടികൂടുവാനും താൻ നിരപരാധിയാണെന്നു ഒഴികഴിവു പറഞ്ഞു രക്ഷപ്പെടുവാൻ തീരെ പഴുതില്ലാതിരിക്കുവാനും വേണ്ടി, അവന്ന് അടയാളംവെച്ച നാണ്യങ്ങളോ നോട്ടുകളോ പോലീസ് വകുപ്പിലെ യൂനിഫോറം ധരിക്കാത്ത ഒരു കോൺസ്റ്റബിൾ കൈക്കൂലിയായി കൊടുക്കുന്നതുപോലെയാണിത്.''[11]

സിഹ്റ് ജിന്നുബാധ തുടങ്ങിയ മനുഷ്യൻ അനുഭവിക്കുന്ന യാഥാർത്ഥ്യങ്ങളേക്കാൾ വായനക്കാരിൽ ഏറെ അതിശയോക്തി ജനിപ്പിക്കുന്നതാണ് മൗദൂദിയുടെ മേൽ വിശദീകരണം. എന്നിട്ടാണ് സിഹ്റിനെ കുറിച്ച് 'തോക്കിനുള്ളിൽ നിന്നും വരുന്ന വെടിയുണ്ടയും വിമാനത്തിൽ നിന്നും വീഴുന്ന ബോംബും അല്ലാഹുവിന്റെ അനുമതിയോടുകൂടിയല്ലാതെ ഫലം ചെയ്യുകയില്ലെന്ന പോലെത്തന്നെ മാരണവും അല്ലാഹുവിന്റെ അനുമതിയോടു കൂടിയല്ലാതെ ഫലിക്കുകയില്ല എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ, അതുകൊണ്ട് മാത്രം ആയിരക്കണക്കിന് വർഷങ്ങളായി മനുഷ്യർ കാണുകയും അനുഭവിക്കുകയും ചെയ്യുന്ന ഒരു കാര്യത്തെ നിഷേധിക്കുന്നത് ശുദ്ധമായ പിടിവാശി മാത്രമാണ്' എന്ന് അഭിപ്രായപ്പെട്ട മൗദൂദി[12]യുടെ അനുയായികൾ സ്വന്തം കൈയ്യിന്റെ

---

[10] തഫ്ഹീമുൽ ഖുർആൻ, സൂറഃ അൽബഖറഃ 102-ാം ആയത്തിന്റെ വ്യാഖ്യാനം

[11] തഫ്ഹീമുൽ ഖുർആൻ, സൂറഃ അൽബഖറഃ 102-ാം ആയത്തിന്റെ വ്യാഖ്യാനം

[12] തഫ്ഹീമുൽ ക്വുർആൻ: അൽമുഅവ്വദതൈനിയുടെ ആമുഖത്തിൽ നിന്ന്

വേദനയെക്കുറിച്ച് ചിന്തിക്കാതെ നിഴലിനെ കണ്ട് മണ്ണിലടിച്ചുകൊണ്ടിരിക്കുന്നത്. മലക്കുകൾ മാത്രമല്ല, ജിന്നുകളും മനുഷ്യരൂപം പ്രാപിക്കാൻ കഴിയുന്നവരാണെന്ന് ജമാഅത്തെ ഇസ്ലാമി പഠിപ്പിച്ചിട്ടുണ്ട്. ജിന്നിനു മനുഷ്യരൂപം സ്വീകരിക്കാമെന്നും അതുവഴി മനുഷ്യനെ സ്വാധീനിക്കാമെന്നും വഴിപിഴപ്പിക്കാമെന്നൊക്കയുള്ള വിശ്വാസം ക്വുർആനികവിരുദ്ധമാണെന്ന അഭിപ്രായത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ടാണ് പ്രബോധനത്തിലെ മുജീബ് പ്രസ്തുത വിശ്വാസം രേഖപ്പെടുത്തിയത്. അത് ഇങ്ങനെ:

“ഒന്ന്, ജിന്നുവർഗത്തെ മനുഷ്യന് സ്വാധീനിക്കാൻ കഴിയുമോ എന്നറിയില്ല എന്ന് ചോദ്യകർത്താവ് പറയുന്നു. അതേസമയം മനുഷ്യനായ പ്രവാചകൻ (ﷺ) മനുഷ്യരിലേക്കും ജിന്നുകളിലേക്കുമുള്ള തിരുദൂതനാണെന്ന് ഖുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. ജിന്നുകളെ പ്രവാചകന് സ്വാധീനിക്കാൻ സാധ്യമല്ലെങ്കിൽ അദ്ദേഹത്തെ അവരിലേക്കുകൂടി നിയോഗിച്ചതിന് എന്തർത്ഥം?. രണ്ട്, ഇബ്ലീസ് അഥവാ ശൈത്വാൻ ജിന്നു വർഗത്തിൽ പെട്ടവനാണ് (ഖുർആൻ 7:12, 18:50). അയാൾ നാനാവിധത്തിൽ മനുഷ്യനെ വഴിതെറ്റിക്കാൻ ശ്രമിക്കുമെന്നും അല്ലാഹുവിന്റെ ഭക്തരായ ദാസന്മാരൊഴിച്ച് മറ്റുള്ളവരൊക്കെയും അയാളുടെ വലയിൽ വീഴുമെന്നും ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. മനുഷ്യമനസ്സുകളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും ദുർബോധനം നടത്തുകയും ചെയ്ത് പിന്മാറിക്കളയുന്ന ജിന്നുകളിലും മനുഷ്യരിലും പെട്ട ദുർബോധകരിൽനിന്ന് രക്ഷതേടാനും ഖുർആൻ ഉദ്ബോധിപ്പിക്കുന്നു (114:4-6). അദൃശ്യ ജീവികളായ പിശാചുക്കൾക്ക് മനുഷ്യരൂപം പ്രാപിക്കാതെ എങ്ങനെ മനുഷ്യരുമായി സൗഹൃദം സ്ഥാപിക്കാനും അവരെ വഴിതെറ്റിക്കാനും കഴിയും എന്നതാണ് ചോദ്യം. സൗഹൃദഭാവത്തിൽ മനുഷ്യനെ സമീപിച്ച് അയാളുടെ മനസ്സിനെ സ്വാധീനിക്കാൻ മനുഷ്യരൂപിക്കു മാത്രമേ കഴിയൂ. അബൂഹുറയ്റയിൽനിന്ന് ബുഖാരി ഉദ്ധരിച്ച ഹദീഥ് ഇബ്ലീസ് മനുഷ്യരൂപത്തിൽ വരാനുള്ള സാധ്യത വ്യക്തമാക്കുന്നതാണ്. റമളാനിൽ സകാത്ത് ശേഖരത്തിന് കാവൽ നിൽക്കാൻ നബി(ﷺ) അബൂഹുറയ്റയെ ചുമതലപ്പെടുത്തിയിരുന്നു. രാത്രി സകാത്തിൽനിന്ന് വാരിയെടുക്കാൻ ശ്രമിച്ചയാളെ അദ്ദേഹം തടയാൻ ശ്രമിച്ചപ്പോൾ ആയത്തുൽ കുർസിയ്യ് ഓതാൻ അയാൾ ഉപദേശിച്ചതും പിറ്റേന്ന് സംഭവം നബിയോട് റിപ്പോർട്ട് ചെയ്തപ്പോൾ അത് പിശാചായിരുന്നു എന്ന് വെളിപ്പെടുത്തിയതും പ്രസ്തുത ഹദീഥിലുണ്ട്.”[13]

ജിന്ന് മനുഷ്യ സംസാരം കേൾക്കുന്നുണ്ടെന്ന് മാത്രമല്ല, മനുഷ്യ ഭാഷ അവർക്ക് നന്നായി മനസ്സിലാകുന്നുണ്ടെന്നും എല്ലാ ജിന്നുകൾക്കും എല്ലാ മനുഷ്യഭാഷകളും അറിഞ്ഞു കൊള്ളണമെന്നില്ല; എങ്കിലും അവരിൽ ഏതു വിഭാഗം ഭൂമിയുടെ ഏതു പ്രദേശത്ത് വസിക്കുന്നുവോ, ആ വിഭാഗത്തിന് അവരുടെ പ്രദേശത്തുള്ള മനുഷ്യരുടെ ഭാഷ അറിയാം എന്നു കൂടി മൗദൂദി അഭിപ്രായപ്പെട്ടിട്ടുണ്ട്.[14] ഈ രൂപത്തിലുള്ള അധ്യാപനങ്ങൾ മാലോകർക്ക് മുമ്പിൽ വിളിച്ചു പറയുന്നവരാണ് പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടുവന്ന യാഥാർത്ഥ്യങ്ങളെ മറച്ചു വെച്ചുകൊണ്ട് ആർക്കാനും വേണ്ടി ഓക്കാനിക്കുന്നത്. സമസ്തക്കാരുടെ മുടി പള്ളിക്കെതിരിൽ ക്രിയാത്മകമായി പ്രതികരിക്കാൻ കഴിയാതെ സ്വന്തം ഗർഭപാത്രത്തിൽ പിറവിയെടുക്കുന്ന നവപൗരോഹിത്യത്തിന്റെ പേറ്റുനോവനുഭവിക്കുന്നവരായി ജമാഅത്തിന്റെ പ്രബോധനം മുജാഹിദുകളെ ചിത്രീകരിച്ചത് അതിന്റെ ഭാഗമായാണ്. എന്തുമാത്രം നുണയാണ് ഇവരുടെ പ്രസ്താവന. അനവസരത്തിൽ കയറിവന്ന് അവാസ്തവമായത് സംസാരിക്കുക എന്നത് ജമാഅത്തിന്റെ പ്രകൃതിയിൽ പെട്ടതാണ്. കേരളത്തിലെ ഓരോ മുക്കിലും മൂലയിലും മുജാഹിദ് പ്രഭാഷകൾ ‘തിരുകേശ’ ചൂഷണത്തിനെതിരിൽ അതീവ ശക്തിയോടെ രംഗത്ത് വന്നത് ആർക്കാണ് അറിഞ്ഞുകൂടാത്തത്. കെ.എൻ.എമ്മും അതിന്റെ പോഷക സംഘടനകളും ഈ തട്ടിപ്പിനെ തുറന്നെതിർത്തിട്ടുണ്ട് എന്ന് പ്രബോധനത്തിലെ മുജീബ് തന്നെ തുറന്നെഴുതിയിട്ടുള്ളതാണ്.[15] ഇന്നും മുജാഹിദ് പ്രസ്ഥാനത്തിന്റെ പ്രസിദ്ധീകരണങ്ങൾ ഇക്കാര്യം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്; അതിന്റെ റെഫറൻസുകൾ

---

[13] പ്രബോധനം, 20 ജനുവരി 2007

[14] തഫ്ഹീമുൽ ഖുർആൻ, സൂറഃ അൽ ജിന്ന് 1-ാം ആയത്തിന്റെ വ്യാഖ്യാനം

[15] പ്രബോധനം, 26 മാർച്ച 2011

എടുത്തുപറയുകയാണെങ്കിൽ പേജുകൾ തന്നെ നിറയും. അതിന്റെ ഒരു പത്തുശതമാനം എതിർപ്പ് പോലും ക്രിയാത്മകവും താത്വികവുമായി പ്രകടിപ്പിക്കുവാൻ കഴിയാത്ത ഒരു വർഗമാണ് മേലും കീഴും നോക്കാതെ ശരിപുരളാത്ത ഓരോ പ്രസ്താവനകൾ ഇറക്കുന്നത്. ശിർക്ക് ബിദ്അത്തുകളുടെ പിറവി ഏതെങ്കിലും ഗർഭപാത്രത്തിൽ പിറവിയെടുക്കുന്നുണ്ടെങ്കിൽ അതിനെ പ്രാമാണികമായി തന്നെ ഇല്ലാതാക്കാനുള്ള മരുന്ന് കൈവശമുള്ളവരാണ് മുജാഹിദുകൾ; അതിന്റെ പേറ്റുനോവും പേറ്റുകാരിയുടെ ലാഭവും കാത്തിരിക്കുന്നത് മൂഢത്വമാണെന്നാണ് ജമാഅത്തെ ഇസ്‌ലാമിയെ ഓർമിപ്പിക്കാനുള്ളത്.

വിശുദ്ധ ക്വുർആനും ഹദീഥും അനുസരിച്ച് മുസ്‌ലിം സമുദായത്തെ പരിവർത്തിപ്പിക്കാൻ മുജാഹിദ് പ്രസ്ഥാനത്തിന് ഏറെ ത്യാഗങ്ങൾ ഏൽക്കേണ്ടി വന്നിട്ടുണ്ട് എന്ന് സമ്മതിക്കുന്ന ജമാഅത്തിന്റെ തൂലിക തൊഴിലാളി, അതിന്റെ ചരിത്രവും കർമമണ്ഡലവും പൈതൃകവുമെല്ലാം തുറന്നെഴുതുമ്പോൾ ഏറ്റി വിട്ടിട്ട് ഏണി വലിക്കുന്ന മൂന്നാംതരമായ പണിയാണെടുക്കുന്നത്. കേരളത്തിലെ ഇസ്‌ലാഹി പ്രവർത്തനത്തിന് ദിശാബോധം നൽകിയ വക്കം മൗലവി അതിന് പ്രചോദനം ഉൾകൊണ്ടത് റശീദുർറിളയിൽ നിന്നാണെന്നും, മുജാഹിദ് പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് നേതൃത്വം കൊടുത്ത കെ.എം.മൗലവി സ്വീകരിച്ച വഴി അവരുടേതല്ലായിരുന്നു എന്നും, മറിച്ച് സഊദി അറേബ്യയിലെ മുഹമ്മദ് ബ്നു അബ്ദിൽ വഹാബിന്റെ പരിഷ്കരണ പ്രസ്ഥാനത്തെയാണ് എന്നൊക്കെ പറഞ്ഞുകൊണ്ട് മുജാഹിദുകൾ എന്നവകാശപ്പെടുന്ന മടവൂരികൾ തിരികൊളുത്തിയ 'മുജാഹിദുകൾ ഗൾഫ് സലഫിസം ഇറക്കുമതി ചെയ്യുകയാണ്' എന്ന ആരോപണത്തെ ശരിവെക്കാൻ ലേഖകൻ ഒരു സലഫി വിരോധ ഓട്ടം തുള്ളൽ നടത്തുന്നുണ്ട്. വാസ്തവത്തിൽ 1897ൽ പ്രസിദ്ധീകരിക്കാൻ തുടങ്ങിയ മജല്ലത്തുൽ മനാർ പുറത്തിറങ്ങിയതിനു ശേഷമാണ് റശീദുർറിളയും അദ്ദേഹത്തിന്റെ ഇസ്‌ലാഹീ പ്രവർത്തനങ്ങളുമെല്ലാം ഈജിപ്തിന് പുറത്തേക്ക് അറിയപ്പെടുന്നത്. എന്നാൽ അതിന് മുമ്പ് തന്നെ കേരളത്തിൽ ഈ ആദർശ പ്രചാരണത്തിന്റെ തുടക്കം സനാഉല്ലാ മക്തി തങ്ങളിലൂടെ ആരംഭിച്ചിട്ടുണ്ട്. എങ്കിലും ഈജിപ്തിലെ ഇസ്‌ലാഹി പ്രവർത്തനങ്ങൾ കേരളത്തിലെ തുടർന്നുള്ള പ്രവർത്തനങ്ങളെ സ്വാധീനിച്ചിട്ടുണ്ട് എന്നത് വസ്തുത തന്നെയാണ്. എന്നാൽ വിമർശകർ ഉന്നയിക്കും പോലെ ക്വുർആനും സുന്നത്തും സ്വീകരിക്കുന്നതിൽ അവിടുത്തെ ഇസ്‌ലാഹി നേതാക്കളെ മാത്രം ആശ്രയിക്കുക എന്നുള്ളതായിരുന്നില്ല കേരളത്തിലെ ഇസ്‌ലാഹി പണ്ഡിതൻമാരുടെ നിലപാട്. ഈജിപ്തിലെ നവോത്ഥാന സംരംഭങ്ങൾക്ക് സലഫുകളുടെ വീക്ഷണവുമായി യാതൊരു ബന്ധവുമില്ല എന്ന കുപ്രചരണം നടത്തുന്നവർ ഇന്ന് ഏറി വരുന്നുണ്ട്. സലഫി രീതിശാസ്ത്ര പ്രബോധന മാർഗത്തിൽ റശീദുർറിളയ്ക്കുള്ള പങ്ക് വേർപ്പെടുത്താനും ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ (رحمه الله), ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹാബ് (رحمه الله) തുടങ്ങിയ പരിഷ്കർത്താക്കളുടെ സ്വാധീനമൊന്നും ഈജിപ്തിലെ ദഅ്‌വാ സംരംഭങ്ങൾക്കില്ലായിരുന്നു എന്നും സ്ഥാപിച്ചുകൊണ്ട് അഖ്‌ലാനിയ്യത്തിന്റെ കേന്ദ്രമായി മാത്രം ഈജിപ്തിനെ കുടിയിരുത്താനാണ് ഇവരുടെയെല്ലാം പരിശ്രമം. പക്ഷെ, വിമർശകരുടെ അടിസ്ഥാനമില്ലാത്ത ഒരു വാദം മാത്രമാണിതെന്ന് റശീദുർറിളയുടെയും അതുപോലെ തന്നെ സഊദി അറേബ്യയിലെ പണ്ഡിത സഭയായ ലജ്നയുടെയുമൊക്കെ ചില രചനകൾ വ്യക്തമാക്കുന്നുണ്ട്. അല്ലാഹുവിന്റെ സ്വിഫത്തുകളെ കുറിച്ച് സംസാരിക്കവെ റശീദുർറിള അഭിപ്രായപ്പെടുകയാണ്:

وَكُنَّا نَظُنُّ فِي أَوَائِلِ الطَّلَبِ أَنَّ مَذْهَبَ السَّلَفِ ضَعِيفٌ وَأَنَّهُمْ لَمْ يُأَوِّلُوا كَمَا أَوَّلَ الْخَلَفُ لِأَنَّهُمْ لَمْ يَبْلُغُوا مَبْلَغَهُمْ مِنَ الْعِلْمِ وَالْفَهْمِ لَا سِيَّمَا الْحَنَابِلَةُ كُلُّهُمْ أَوْ بَعْضُهُمْ . وَلَمَّا تَغَلْغَلْنَا فِي عِلْمِ الْكَلَامِ وَظَفِرْنَا بَعْدَ النَّظَرِ فِي الْكُتُبِ الَّتِي هِيَ مُنْتَهَى فَلْسَفَةِ الْأَشَاعِرَةِ فِي الْكَلَامِ بِالْكُتُبِ الَّتِي تُبَيِّنُ مَذْهَبَ السَّلَفِ حَقَّ الْبَيَانِ لَا سِيَّمَا كُتُبُ ابْنِ تَيْمِيَةَ عَلِمْنَا عِلْمَ الْيَقِينِ أَنَّ مَذْهَبَ السَّلَفِ هُوَ الْحَقُّ الَّذِي لَيْسَ وَرَاءَهُ غَايَةٌ وَلَا مَطْلَبٌ وَأَنَّ كُلَّ مَا خَالَفَهُ فَهُوَ ظُنُونٌ وَأَوْهَامٌ لَا تُغْنِي مِنَ الْحَقِّ شَيْئًا .

“സലഫുകളുടെ വീക്ഷണം ദുർബലമാണെന്നും പിൻഗാമികൾ വ്യാഖ്യാനിച്ചപോലെ മുൻഗാമികൾ - വിശേഷിച്ചും അവരിലെ ഹമ്പലി മദ്ഹബുകാരായ പണ്ഡിതൻമാർ ഒന്നടങ്കമോ അല്ലെങ്കിൽ ചിലരോ - വ്യാഖ്യാനിക്കാതിരുന്നത് വിജ്ഞാനത്തിലും ഗ്രാഹ്യതയിലും പിൻഗാമികളുടെ നിലവാരത്തിൽ അവർ എത്താതിരുന്നതുകൊണ്ടാണ് എന്നായിരുന്നു വിജ്ഞാനസമ്പാദനത്തിന്റെ ആദ്യകാലങ്ങളിൽ എന്റെ ധാരണ. എന്നാൽ ഇൽമുൽകലാമിൽ ഞാൻ മുഴുകുകയും അശ്അരികളുടെ ഈ വിഷയത്തിലുള്ള തത്വചിന്തകൾ പൂർണ്ണമായും വിവരിക്കുന്ന ഗ്രന്ഥങ്ങളും സലഫുകളുടെ വീക്ഷണങ്ങൾ ശരിയായി വിവരിക്കുന്ന മറ്റുഗ്രന്ഥങ്ങളും ഞാൻ ചിന്തിച്ച് പഠിക്കുകയും ചെയ്തപ്പോൾ സലഫുകളുടെ വീക്ഷണമാണ് അങ്ങേഅറ്റത്തെ സത്യമെന്നും അതിനപ്പുറം യാതൊന്നും അന്വേഷിക്കേണ്ടതില്ലെന്നും അതേസമയം സലഫീ വീക്ഷണത്തിനെതിരായ വാദങ്ങളാകട്ടെ അവയെല്ലാ സത്യത്തിനുപകരിക്കാത്ത ചില ഊഹങ്ങളും അനുമാനങ്ങളും മാത്രമാണെന്നും എനിക്ക് ദൃഢജ്ഞാനം ലഭിക്കുകയാണ് ഉണ്ടായത്.”[16]

സലഫി വീക്ഷണം തന്നെയാണ് ശരിയായിട്ടുള്ളത് എന്ന് അംഗീകരിച്ച റശീദുർറിള പിന്നീട് തന്റെ പഠനങ്ങൾക്കായി ആശ്രയിച്ച മാർഗം ഏതായിരുന്നു എന്നതുകൂടി ഇതോടൊപ്പം വായിക്കേണ്ടതുണ്ട്. അദ്ദേഹം പറയുന്നു:

وَلَا نَعْرِفُ فِي كُتُبِ عُلَمَاءِ السُّنَّةِ أَنْفَعَ فِي الْجَمْعِ بَيْنَ النَّقْلِ وَالْعَقْلِ مِنْ كُتُبِ شَيْخَيِ الْإِسْلَامِ ابْنِ تَيْمِيَةَ وَابْنِ الْقَيِّمِ – رَحِمَهُمَا اللهُ – تَعَالَى – وَإِنَّنِي أَقُولُ عَنْ نَفْسِي : إِنَّنِي لَمْ يَطْمَئِنَّ قَلْبِي بِمَذْهَبِ السَّلَفِ تَفْصِيلًا إِلَّا بِمُمَارَسَةِ هَذِهِ الْكُتُبِ

“ബുദ്ധിയെയും പ്രമാണങ്ങളെയും സംയോജിപ്പിക്കുന്ന അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതൻമാരുടെ ഗ്രന്ഥങ്ങളിൽ ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയയുടെയും ഇബ്നുൽ ഖയ്യിമിന്റെയും ഗ്രന്ഥങ്ങളേക്കാൾ പ്രയോജനപ്രദമായ മറ്റുഗ്രന്ഥങ്ങളൊന്നും എനിക്കറിയുകയില്ല. ഞാൻ എന്നെക്കുറിച്ചു തന്നെ പറയട്ടെ, സലഫീ വീക്ഷണത്തിന്റെ വിശദാംശങ്ങളെക്കുറിച്ച് എനിക്ക് മനസ്സമാധാനം ലഭിച്ചത് ഈ ഗ്രന്ഥങ്ങളുമായി പരിചയപ്പെട്ടതുകൊണ്ട് മാത്രമാണ്”[17]

അപ്പോൾ റശീദുർറിള പൂർണമായി തന്നെ സലഫിയ്യത്ത് അംഗീകരിച്ചിരുന്നു എന്ന് വ്യക്തമായി. പക്ഷെ, അദ്ദേഹം സലഫീ വീക്ഷണത്തിലേക്ക് എത്തിച്ചേരുന്നതിന് മുമ്പ് മടവൂരി-ജമാഅത്തുകാരെ പോലെ ബുദ്ധിക്ക് പ്രാധാന്യം നൽകികൊണ്ട് ചില അബദ്ധങ്ങൾ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത് ഓരോന്നും തിരുത്തുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടില്ല എന്നതും ഇതോടൊപ്പം നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. എന്നാൽ അദ്ദേഹം സലഫുകളുടെ മാർഗത്തെ സ്വീകരിച്ചതു വഴി സലഫീ പണ്ഡിതൻമാർ അദ്ദേഹത്തിന്റെ പിന്നീടുള്ള ദഅ്വാ പ്രവർത്തനങ്ങളെ പരിഗണിക്കുകയും അദ്ദേഹത്തിന് വന്നുപോയ അബദ്ധങ്ങളെ വിമർശിക്കുകയും ചെയ്തിട്ടുണ്ട്. സഊദി അറേബ്യയിലെ പണ്ഡിത സഭ (ലജ്ന) പുറത്തിറക്കുന്ന ‘മജല്ലത്തുൽ ബുഹൂഥ് അൽ ഇസ്ലാമിയ്യ’യിൽ ഇസ്ലാമിക ലോകത്ത് ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹാബ്(رحمه الله) നടത്തിയ ദഅ്വത്തും ഈജിപ്തിൽ അതിനുണ്ടായ സ്വാധീനവും വിശദീകരിക്കവെ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അത് ഇപ്രകാരമാണ്:

... ثم ظهر الشيخ ( محمد رشيد رضا 1282 – 1354هـ = 1865 – 1935م ) الذي هاجر من الشام إلى مصر عام 1315هـ (1897م ) وهو يعتبر شخصية سلفية من تلاميذ ( الأفغاني ومحمد عبده ) وكان بحق أكبر مناصر وداع لحركة الدعوة السلفية في مصر خاصة والعالم الإسلامي عامة في العصر الحديث ، فقد ألف عدة كتب مناصرة لدعوة

[16] തഫ്സീറുൽ മനാർ: 3/163
[17] തഫ്സീറുൽ മനാർ: 1/211

الشيخ محمد بن عبد الوهاب وأسس ( مجلة المنار ) في مصر عام 1315هـ والتي استمرت في الصدور حتى وفاته عام 1354 هـ (1935م ) وكانت أكبر مناصر للدعوة هناك . كما طبعت مطبعة المنار بمصر عددا من مؤلفات علماء الدعوة السلفية في نجد وناشريها. وقد كان لنشاط رشيد رضا السلفي نجاح كبير في مصر وغيرها من بلدان العالم الإسلامي ، وظهر أتباع عديدون مؤيدون للدعوة السلفية ، كما ظهرت جمعيات عديدة تدين بالولاء والتبعية للدعوة السلفية ومن أبرزها في مصر ( جمعية أنصار السنة المحمدية ) التي أسسها ( محمد حامد الفقي ) تلميذ رشيد رضا في مصر – وتصدر هذه الجمعية حتى الآن مجلة شهرية باسم (التوحيد )

"...ശേഷം ഹി: 1315 ക്രി: 1897ൽ ശാമിൽ നിന്ന് ഈജിപ്തിലേക്ക് ഹിജ്റ പോയ ശൈഖ് റശീദുർറിള (ഹി:1282 –1354, ക്രി:1865 –1935) പ്രബോധന രംഗത്ത് വന്നു, ജമാലുദ്ധീൻ അഫ്ഗാനി, മുഹമ്മദ് അബ്ദു എന്നിവരുടെ ശിഷ്യന്മാരിൽ സലഫി വ്യക്തിത്വമുള്ള ആളായിട്ടാണ് അദ്ദേഹത്തെ (ശൈഖ് റശീദുർറിളയെ) പരിഗണിക്കുന്നത്. ആധുനിക കാലഘട്ടത്തിൽ ഇസ്‌ലാമിക ലോകത്ത് പൊതുവെയും, ഈജിപ്തിൽ പ്രത്യേകിച്ചും സലഫി ആദർശ ദഅ്‌വത്തിന് അദ്ദേഹം ഏറ്റവും വലിയ സഹായിയും, പ്രബോധകനുമായിരുന്നു. ശൈഖ് മുഹമ്മദുബ്നു അബ്ദുൽ വഹാബ്(رحمه الله)യുടെ ദഅ്‌വത്തിന് സഹായകമായി ഒരുപാട് ഗ്രന്ഥങ്ങൾ വിരചിതമാവുകയും, ഹി: 1315ൽ ഈജിപ്തിൽ 'അൽ മനാർ മാഗസിൻ' സ്ഥാപിതമാവുകയും ചെയ്തു. ഹി: 1354 (1935)ൽ ശൈഖിന്റെ മരണം വരെ അത് തുടരുകയുണ്ടായി. അവിടെ (ഈജിപ്ത്) ദഅ്‌വത്തിന് വലിയ ഒരു സഹായകമായിരുന്നു അത്. അതുപോലെ അൽമനാർ പ്രസ്സിൽ നജ്ദിലെ സലഫി പണ്ഡിതന്മാരുടെ ഒരുപാട് രചനകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. റശീദുർറിള സലഫിയുടെ പരിശ്രമത്തിന് ഈജിപ്തിലും ഇസ്‌ലാമിക ലോകത്തെ മറ്റു രാജ്യങ്ങളിലും വലിയ വിജയം തന്നെയുണ്ടായിരുന്നു. അങ്ങിനെ സലഫി ദഅ്‌വത്തിനെ സഹായിക്കുന്ന എണ്ണമറ്റ അനുയായികൾ ഉണ്ടാവുകയും, അതുവഴി ഒരുപാടു സംഘങ്ങൾ ഉടലെടുക്കുകയും ചെയ്തു. അതിൽ പ്രസിദ്ധമായത് റഷീദുർറിളയുടെ ശിക്ഷ്യനായ 'മുഹമ്മദ് ഹാമിദ് അൽ ഫഖി' സ്ഥാപിച്ച ഈജിപ്തിലെ 'ജംഇയ്യത്തു അൻസാറുസ്സുന്ന അൽ മുഹമ്മദിയ്യ'യാണ്, ഈ സംഘം ഇപ്പോഴും 'അത്തൗഹീദ്' എന്ന് പേരുള്ള ഒരു മാസിക പുറത്തിറക്കുന്നുണ്ട്."[18]

റശീദുർറിളയുടെ ഇസ്‌ലാഹീ മുന്നേറ്റത്തിനും കേരളത്തിലെ മുജാഹിദ് പ്രസ്ഥാനത്തിനും സലഫിയ്യത്തിന്റെ പൈതൃകം അവകാശപ്പെടാൻ മേൽകണ്ട വിശദീകരണങ്ങൾ തന്നെ ധാരാളമാണ്. മുമ്പ് സൂചിപ്പിച്ച പോലെ ചില വിഷയങ്ങളിൽ അബദ്ധങ്ങൾ സംഭവിച്ച റശീദുർറിളയെ സലഫി പണ്ഡിതൻമാർ പ്രമാണങ്ങൾ മുമ്പിൽ വെച്ചുകൊണ്ട് തള്ളുകയും കൊള്ളുകയും ചെയ്തിട്ടുണ്ട്. റശീദുർറിളക്ക് തന്റെ വ്യതിയാനങ്ങൾ മുഴുവനായും തിരുത്താൻ സമയം ലഭിച്ചില്ല എന്നത് പരിഗണിക്കുമ്പോൾ തന്നെ, അഖ്‌ലാനിയായ ശൈഖ് മുഹമ്മദ് അബ്ദുവിന്റെ ആദർശത്തിൽ നിന്നും ശരിയായ ദിശയിലേക്ക് അദ്ദേഹത്തെ എത്തിച്ചത് സലഫീ മൻഹജ് എന്ന രക്ഷയുടെ പേടകമാണ് എന്ന് അദ്ദേഹത്തിന് തിരിച്ചറിയാൻ സാധിച്ചിട്ടുണ്ട്. ഈ സലഫീ മൻഹജിന്റെ പേടകത്തിൽ കയറി പരലോകം രക്ഷപ്പെടുത്താനാണ് മുജാഹിദ് പ്രസ്ഥാനവും അതിന്റെ അനുയായികളെ പഠിപ്പിക്കുന്നത്. എന്നാൽ ഈ ഒരു മാർഗം സ്വീകരിക്കാൻ വിമുഖത കാണിക്കുന്ന മടവൂരി-ജമാഅത്ത് സംഖ്യത്തിന് മേൽവിശദീകരണം തൃപ്തികരമായി കൊള്ളണമെന്നില്ല. കാരണം, റശീദുർറിള ആദ്യകാലങ്ങളിൽ വീണുപോയ അതേ അഖ്‌ലാനിയത്തിന്റെ ചിന്താസരണിയിലാണ് ഇന്ന് ഇക്കൂട്ടർ ചലിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ശരിയായ പ്രമാണം മുമ്പിൽ വന്നെത്തിയിട്ടും, തങ്ങളുടെ നിസ്സാരമായ ബുദ്ധിയെ മാത്രം ആശ്രയിക്കുന്ന ഈ

[18] ലജ്നദാഇമയുടെ 'മജല്ലത്തുൽ ബുഹൂഥ് അൽ ഇസ്‌ലാമിയ്യ'. ഹിജ്റ: 1408 റബീഉൽ അവ്വൽ മുതൽ ജമാദുഥാനി വരെ. 'ശൈഖ് മുഹമ്മദുബ്നു അബ്ദുൽ വഹാബ്(رحمه الله)'യുടെ ദഅ്‌വത്തിന്റെ യാഥാർത്ഥ്യവും, ഇസ്‌ലാമിക ലോകത്ത് അതിന്റെ സ്വാധീനവും' എന്ന പ്രബന്ധം. വാല്യം: 21, പേജ്: 147,148

അഖ്‌ലാനികൾക്ക് സിഹ്ർ, പിശാചുബാധ, മന്ത്രം എന്നിങ്ങനെയുള്ള ഇസ്‌ലാമിക പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടു വന്നിട്ടുള്ള സംഗതികളെ ഇന്നും ഉൾകൊള്ളാൻ കഴിയാതെ പോകുന്നത്.

പൈശാചിക ഉപദ്രവങ്ങൾ ദൂരികരിക്കാനുള്ള മന്ത്രങ്ങളുടെ ഇസ്‌ലാമിക മാനം വ്യക്തമാക്കുമ്പോഴൊക്കെ അഖ്‌ലാനിയ്യത്തിന്റെ കേന്ദ്രങ്ങളിൽ നിന്നും പരിഹാസ വാക്കുകൾ പൊങ്ങിവരാറുണ്ട്. ക്വുർആനും സുന്നത്തും വ്യക്തമാക്കിത്തരുന്ന ആദർശങ്ങളെ ബുദ്ധിയുടെ മൂശയിലിട്ട് നോക്കിയല്ല വിശ്വാസികൾ സ്വീകരിക്കേണ്ടത്. പക്ഷെ, എന്തുകൊണ്ടൊ ചിലർക്ക് അങ്ങനയെ സാധിക്കുന്നുള്ളൂ. അത്തരം ആളുകളിലെ ഒരു പ്രധാന വിഭാഗമായി കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമി മാറിയിരിക്കുന്നു. മാത്രമല്ല, ആദർശം 'മുക്കു'ന്നതിൽ, അത് സ്വന്തം നേതാവായ മൗദൂദിയുടേതാണെങ്കിൽ പോലും, ഇത്രമാത്രം പാടവമുള്ള മറ്റൊരു വിഭാഗം ദുനിയാവിലില്ല. മറ്റേതൊരു കാര്യത്തിലുമെന്ന പോലെ, മന്ത്രങ്ങളെ സംബന്ധിച്ച മൗദൂദി അമീറിന്റെ വീക്ഷണവും മുക്കിക്കളഞ്ഞവരാണ് സാക്ഷാൽ ജമാഅത്തുകാർ. തഫ്ഹീമുൽ ക്വുർആനിന്റെ ഉറുദ്, ഇംഗ്ലീഷ് പതിപ്പുകളിൽ സൂറത്തുൽ ഫലഖിന്റെ വിശദീകരണത്തിൽ മന്ത്രങ്ങളെ സംബന്ധിച്ച് മൗദൂദി പ്രാധാന്യപൂർവ്വം നൽകിയ വിശദീകരണം കാണാം. എന്നാൽ കേരളത്തിലെ ജമാഅത്തു മന്നൻമാർ മലയാളത്തിൽ ഇറക്കിയ തഫ്ഹീമിന്റെ പ്രതിയിൽ ഈ വിശദീകരണ ഭാഗം കാണാനാകുന്നില്ല!!! അതുകൊണ്ടുതന്നെ, മലയാളീ ജമാഅത്തുകാർക്ക് മന്ത്രങ്ങളുടെ ഇസ്‌ലാമിക മാനത്തെ സംബന്ധിച്ച് യാതൊരു വകതിരുവുമില്ല. അതിനാൽ, അക്കാര്യങ്ങൾ വിശദീകരിക്കുന്നവരോട് അവർക്ക് പുച്ഛവും പരിഹാസവുമാണ്. ആ പരിഹാസം അവരുടെ കൃതികളിലും നെറ്റെഴുത്തുകാരുടെ കുറിപ്പുകളിലും ധാരാളം കാണാനാകും. ഈയൊരു പരിസ്ഥിതിയെ കണക്കിലെടുത്ത്, പ്രസ്തുത വിഷയത്തിലുള്ള കേരളത്തിന് പുറത്തുള്ള ജമാഅത്തിന്റെ വീക്ഷണം തഫ്ഹീമിൽ നിന്നു തന്നെ വായനക്കാരുടെ സമക്ഷം താഴെ സമർപ്പിക്കുകയാണ്. ആധികാരികതക്ക് മൗദൂദിയുടെ ഉറുദു, ഇംഗ്ലീഷ് തഫ്ഹീമുകളെ അവലംബിക്കാവുന്നതാണ്. മൗദൂദി പറയുകയാണ്:

"ഈ സൂറത്തുകളുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന മൂന്നാമത്തെ ചോദ്യം മന്ത്രങ്ങൾക്കും ഏലസ്സിനും ഇസ്‌ലാമിൽ വല്ല സ്ഥാനവുമുണ്ടോ എന്നതാണ്. അതായത് ആ മന്ത്രത്തിന് സ്വയം ഫലമുണ്ടോ ഇല്ലേ എന്നത്. ഈ ചോദ്യം ഉടലെടുക്കാൻ ഒരു കാരണമുണ്ട്. പ്രവാചകൻ രാത്രിയിൽ ഉറങ്ങാൻ കിടക്കുമ്പോൾ, പ്രത്യേകിച്ചും രോഗാവസ്ഥയിൽ, മുഅവ്വിദതൈനി (മറ്റു ചില റിപ്പോർട്ടുകളനുസരിച്ച്, മുഅവ്വിദാത്, അതായത്, ഖുൽ ഹുവല്ലാഹു അഹദും മുഅവ്വിദതൈനിയും) മൂന്ന് തവണ ഓതി, കൈകളിൽ ഊതി തല മുതൽ പാദം വരെ കൈകൾ കൊണ്ട് എത്താവിന്നിടത്തോളം തടവും എന്ന് അനേകം ഹദീഥുകളിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണമായ രോഗാവസ്ഥയിൽ, അപ്രകാരം ചെയ്യാൻ അദ്ദേഹത്തിന് സാധിക്കാത്ത ഘട്ടമെത്തിയപ്പോൾ, ഹസ്രത്ത് ആഇശ സ്വയം തന്നെ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ കൽപനപ്രകാരം അനുഗ്രഹീതമായ അദ്ദേഹത്തിന്റെ ആ കൈകളിൽ ഊതി അതുകൊണ്ട് അദ്ദേഹത്തിന്റെ ശരീരത്തിൽ തടവുമായിരുന്നു. ഇവ്വിഷയകമായുള്ള റിപ്പോർട്ടുകൾ ബുഖാരി, മുസ്‌ലിം, നസാഈ, ഇബ്നു മാജ, അബൂ ദാവൂദ്, ഇമാം മാലികിന്റെ മുവത്വ എന്നീ ഗ്രന്ഥങ്ങളിൽ, ഹസ്രത്ത് ആഇശയിൽനിന്നും സ്ഥിരപ്പെട്ട പരമ്പരകളിലൂടെ ഉദ്ധരിക്കുന്നുണ്ട്. ആഇശയേക്കാൾ കൂടുതൽ വിശുദ്ധ പ്രവാചകന്റെ കുടുംബ ജീവിതത്തെ കുറിച്ചറിയുന്നവരായി ആരുമില്ല.

ഇത്തരുണത്തിൽ, അതിന്റെ മതപരമായ വശത്തെ കുറിച്ച് ആദ്യം മനസ്സിലാക്കാണം. ഹസ്രത്ത് അബ്ദുല്ലാഹിബ്നു അബ്ബാസിൽ നിന്നും ഉദ്ധരിക്കപ്പെടുന്ന സുദീർഘമായ ഒരു ഹദീഥിന്റെ അവസാനത്തിൽ പ്രവാചകൻ ഇപ്രകാരം പറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്: "എന്റെ സമുദായത്തിൽനിന്നും വിചാരണ കൂടാതെ സ്വർഗത്തിൽ പ്രവേശിക്കുന്ന ആളുകൾ, ചൂട് വെച്ചുകൊണ്ടുള്ള ചികിത്സക്കായി ആവശ്യപ്പെടുകയോ, മന്ത്രിക്കുവാൻ ആവശ്യപ്പെടുകയോ, ശകുനം നോക്കുകയോ ചെയ്യാത്തവരാണ്. അവർ എല്ലാം അല്ലാഹുവിൽ ഭരമേൽപ്പിക്കും." (മുസ്‌ലിം) ഹസ്രത്ത് മുഗീറത്തുബ്നു ശുഅ്ബയിലൂടെ ഉദ്ധരിക്കുന്ന മറ്റൊരു റിപ്പോർട്ട് പ്രകാരം പ്രവാചകൻ(ﷺ) പറഞ്ഞു: "ചികിത്സക്കായി ചൂട് വെക്കാൻ ആവശ്യപ്പെടുകയോ,

മന്ത്രിക്കാനാവശ്യപ്പെടുകയോ ചെയ്യുന്നവൻ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിൽ നിന്നും ഒഴിവായിരിക്കുന്നു.'' (തിർമിദി) പ്രവാചകൻ(ﷺ) പത്ത് കാര്യങ്ങൾ വെറുത്തിരുന്നതായി ഹസ്രത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് റിപ്പോർട്ട് ചെയ്യുന്നു. അതിലൊന്നാണ് മുഅവ്വിദതൈനിയോ മുഅവ്വിദാതോ ഓതിക്കൊണ്ടുള്ളതല്ലാത്ത മന്ത്രങ്ങളും ഏലസ്സുകളും. (അബൂദാവൂദ്, അഹ്മദ്, നസാഈ, ഇബ്നു ഹിബ്ബാൻ, ഹാകിം) മറ്റു ചില ഹദീഥുകളിൽ, മുഴുവൻ മന്ത്രങ്ങളും ഏലസ്സുകളും[19] പ്രവാചകൻ ആദ്യകാലത്ത് വിലക്കുകയും, പിന്നീട് ശിർക്കിന്റെ അംശം കലരരുതെന്ന ഉപാധിയിൻമേൽ അതിനെ അനുവദിച്ചതായും കാണാം. എന്നാൽ, അല്ലാഹുവിന്റെ പരിശുദ്ധ നാമങ്ങളും ക്വുർആനും ചൊല്ലിക്കൊണ്ട് മന്ത്രിക്കണമെന്ന് മാത്രം. ഉപയോഗിക്കുന്ന പദങ്ങൾ ഗ്രാഹ്യമാണെന്നും, അതിൽ ദോഷമൊന്നുമില്ലെന്നും ഉറപ്പ് വരുത്തണം. മന്ത്രങ്ങളിൽ മാത്രം ആശ്രയിക്കാതെ അത് ഫലപ്രദമാക്കാൻ അല്ലാഹുവിന്റെ ഹിതത്തെ ആശ്രയിക്കണം. മതപരമായ വശത്തിന്റെ വിശദീകരണത്തിന് ശേഷം, ഇവ്വിഷയകമായി ഹദീഥുകൾ എന്ത് പറയുന്നുവെന്ന് നമുക്ക് നോക്കാം.

ഹസ്രത്ത് അലി പറയുന്നതായി ത്വബ്റാനി അസ്സഗീറിൽ ഇപ്രകാരം ഉദ്ധരിക്കുന്നുണ്ട്: ''ഒരിക്കൽ, നമസ്കാരത്തിനിടയിൽ പ്രവാചകനെ ഒരു തേൾ കുത്തി. നമസ്കാരശേഷം അദ്ദേഹം പറഞ്ഞു, 'തേളിനെ അല്ലാഹു ശപിച്ചിരിക്കുന്നു. അത് നമസ്കരിക്കുന്നവനെയോ അല്ലാത്തവരെയോ വെറുതെ വിടുന്നില്ല.'' ശേഷം, അദ്ദേഹം വെള്ളവും ഉപ്പും കൊണ്ടുവരാൻ ആവശ്യപ്പെടുകയും എന്നിട്ട് അതിൻമേൽ തടവിക്കൊണ്ട് കാഫിറൂൻ, ഫലഖ്, അന്നാസ് സൂറത്തുകൾ ഓതുകയും ചെയ്തു.'' ഇതേ വിഷയത്തിൽ ഇബ്നു അബ്ബാസും ഒരു ഹദീഥ് ഉദ്ധരിച്ചിട്ടുണ്ട്: ''ഹസ്രത്ത് ഹസന്റെയും ഹുസൈന്റെയും മേൽ കാവലിനായി പ്രവാചകൻ ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു: ഉഈദുകുമാ ബി കലിമാതില്ലാഹിത്താമത്തി മിൻ കുല്ലി ശൈത്വാനിൻ വ ഹാമ്മത്തി വ മിൻ കുല്ലി അയ്നിൽ ലാമ്മതി 'എല്ലാ പിശാചിൽ നിന്നും, എല്ലാ വിഷ ജീവികളിൽ നിന്നും, എല്ലാ ദുഷ്ട കണ്ണുകളിൽ നിന്നും അല്ലാഹുവിന്റെ പരിപൂർണമായ വചനങ്ങൾ കൊണ്ട് ഞാൻ നിങ്ങൾക്ക് അഭയം തേടുന്നു.''' (ബുഖാരി, മുസ്നദ് അഹ്മദ്, തിർമിദി, ഇബ്നു മാജ)

പദങ്ങളിൽ ചെറിയ വ്യത്യാസങ്ങളോടു കൂടി മുസ്‌ലിം, മുവത്വ, ത്വബ്റാനി, ഹാകിം എന്നിവയിൽ ഉഥ്മാനുബ്നു അബിൽ ആസ് അഥ്ഥഖഫിയെക്കുറിച്ച് ഒരു ഹദീഥ് ഉദ്ധരിക്കന്നുണ്ട്. അതിൽ, അദ്ദേഹം പ്രവാചകനോട് ആവലാതി ബോധിപ്പിച്ചുകൊണ്ട് പറയുകയാണ്: ''ഞാൻ മുസ്‌ലിമായത് മുതൽ, എന്റെ ശരീരത്തിൽ അനുഭവിക്കുന്ന ഒരു വേദനയെക്കുറിച്ച് പ്രവാചകനോട് സങ്കടപ്പെടുകയുണ്ടായി. പ്രവാചകൻ പറഞ്ഞു: വേദന തോന്നുന്നയിടത്ത് നിന്റെ വലത് കൈവെച്ച് കൊണ്ട് മൂന്ന് തവണ ബിസ്മില്ലാഹ് എന്ന് പറയുക. ശേഷം, ഏഴ് തവണ അഊദു ബില്ലാഹി വ ഖുദ്റതിഹി മിൻ ശർറി മാ അജിദു വ ഉഹാദിറു (ഞാൻ അനുഭവിക്കുകയും ഭയക്കുകയും ചെയ്യുന്നതിന്റെ കെടുതിയിൽ നിന്ന് അല്ലാഹുവിലും അവന്റെ ക്വുദ്റത്തിലും ഞാൻ അഭയം തേടുന്നു) എന്ന് ചൊല്ലി നിന്റെ കൈ കൊണ്ട് തടവുക. മുവത്വയിൽ ഇത്രയും കൂടി അധികരിച്ച് വന്നിട്ടുണ്ട്: ''ഉഥ്മാനുബ്നു അബിൽ അസ് പറഞ്ഞു: അതിന് ശേഷം എന്റെ വേദന അപ്രത്യക്ഷമായി. ഇപ്പോൾ, ആ പ്രാർത്ഥന ഞാൻ എന്റെ വീട്ടുകാരെ പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്.'' തൽഖ് ഇബ്നു അലിയിൽ നിന്നുള്ള ഈ റിപ്പോർട്ട് മുസ്നദ് അഹ്മദിലും ത്വഹാവിയിലും കാണാം: ''പ്രവാചകന്റെ സന്നിധിയിൽ വെച്ച് എന്നെ ഒരു തേൾ കുത്തി. പ്രവാചകൻ എന്തോ ഒന്ന് ചൊല്ലി എന്റെ മേൽ മന്ത്രിച്ചു, ശേഷം കുത്തിയ ഭാഗത്ത് അദ്ദേഹത്തിന്റെ കൈ കൊണ്ട് തടവി.''

[19] ഏലസ്സുകൾ പ്രവാചകൻ അനുവദിച്ചതായി ഹദീഥിന്റെ ഉള്ളടക്കത്തിൽ വന്നിട്ടില്ല.

അബൂ സഈദിൽ നിന്നുള്ള ഒരു റിപ്പോർട്ട് മുസ്‌ലിമിലുണ്ട്. അതിൽ അദ്ദേഹം ഇപ്രകാരം പറയുന്നു: “ഒരിക്കൽ പ്രവാചകന് രോഗം ബാധിച്ചപ്പോൾ, ജിബ്‌രീൽ വന്നുകൊണ്ട് ചോദിച്ചു; ഓ മുഹമ്മദ്, താങ്കൾ രോഗബാധിതനാണോ? പ്രവാചകൻ ‘അതെ’യെന്ന് പറഞ്ഞപ്പോൾ, ജിബ്‌രീൽ പറഞ്ഞു: അല്ലാഹുവിന്റെ നാമം കൊണ്ട് ഞാൻ താങ്കളെ മന്ത്രിക്കുന്നു, താങ്കൾക്ക് ഉപദ്രവമുണ്ടാക്കുന്ന എല്ലാ വസ്തുക്കളിൽ നിന്നും എല്ലാ മനുഷ്യരുടേയും തിന്മകളിൽ നിന്നും അസൂയാലുവിന്റെ കണ്ണേറിൽ നിന്നും അല്ലാഹു താങ്കൾക്ക് ശമനം നൽകട്ടെ. അല്ലാഹുവിന്റെ നാമത്തിൽ ഞാൻ താങ്കൾക്ക് മന്ത്രിക്കുന്നു”. സമാനമായ ഒരു റിപ്പോർട്ട് ഹസ്രത്ത് ഉബാദതുബ്നു സാമിതിൽ നിന്നും മുസ്നദ് അഹ്മദിൽ ഉദ്ധരിക്കുന്നുണ്ട്. അതിൽ അദ്ദേഹം പറയുന്നു: പ്രവാചകന്ന് അസുഖം ബാധിച്ചപ്പോൾ ഞാൻ അദ്ദേഹത്തെ സന്ദർശിച്ചു. അപ്പോൾ അദ്ദേഹം വലിയ പ്രയാസത്തിലായിരുന്നു. എന്നാൽ, വൈകുന്നേരം വീണ്ടും ഞാൻ അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ, രോഗവിമുക്തനായിട്ടാണ് അദ്ദേഹത്തെ ഞാൻ കണ്ടത്. ഇത്ര പെട്ടന്ന് എങ്ങനെ രോഗം ഭേദമായി എന്ന് ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞു: ജിബ്‌രീൽ വന്ന് ചില വചനങ്ങൾ കൊണ്ട് എന്നെ മന്ത്രിച്ചു. ശേഷം, മുകളിലുദ്ധരിച്ച ഹദീഥിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതിന് സമാനമായ വചനങ്ങൾ അദ്ദേഹം ഓതി. ഇതിന് സമാനമായ ഒരു റിപ്പോർട്ട് ഹസ്രത്ത് ആഇശയിൽ നിന്ന് മുസ്‌ലിമിലും മുസ്നദ് അഹ്മദിലും ഉദ്ധരിച്ചിട്ടുണ്ട്.

വിശ്വാസികളുടെ മാതാവായ ഹഫ്സയിൽ നിന്നുള്ള ഒരു റിപ്പോർട്ട് ഇമാം അഹ്മദ് തന്റെ മുസ്നദിൽ ഉദ്ധരിക്കുന്നു: “ഒരു ദിവസം പ്രവാചകൻ എന്റെ വീട്ടിൽ എന്നെ സന്ദർശിക്കാനെത്തിയപ്പോൾ, ശിഫാ എന്ന് പേരുള്ള ഒരു സ്ത്രീ എന്നോടൊപ്പം ഇരിക്കുന്നുണ്ടായിരുന്നു. അവർ ‘നംല’[20]ക്ക് മന്ത്രിച്ചുകൊടുക്കാറുണ്ടായിരുന്നു. പ്രവാചകൻ അവളോട് പറഞ്ഞു: ആ മന്ത്രം ഹഫ്സയെയും പഠിപ്പിക്കുക.” ഇമാം അഹ്മദ്, അബൂദാവൂദ്, നസാഈ എന്നിവർ ശിഫാ ബിൻത് അബ്ദില്ലയിൽ നിന്ന് തന്നെ ഉദ്ധരിക്കുന്നു, അവർ പറഞ്ഞു: “പ്രവാചകൻ എന്നോട് പറഞ്ഞു: ഹഫ്സയെ എഴുത്തും വായനയും പഠിപ്പിച്ച പോലെ ‘നംല’ക്കുള്ള മന്ത്രവും പഠിപ്പിക്കുക.” ഇതേ വിഷയത്തിൽ ഔഫുബ്നു മാലികിൽ നിന്നുള്ള ഒരു റിപ്പോർട്ട് മുസ്‌ലിമിൽ കാണാം: “രോഗം ഭേദമാകുന്നതിനായി ഞങ്ങൾ മന്ത്രിക്കാറുണ്ടായിരുന്നു. ഇതിനെ കുറിച്ച് പ്രവാചകനോട് അദ്ദേഹത്തിന്റെ അഭിപ്രായം ഞങ്ങൾ ആരാഞ്ഞു. അദ്ദേഹം പറഞ്ഞു: നിങ്ങൾ മന്ത്രിക്കുന്ന വചനങ്ങൾ എനിക്ക് കാണിച്ചു തരിക. അതിൽ ശിർക്ക് കലർന്നിട്ടില്ലെങ്കിൽ, മന്ത്രിക്കുന്നത് കൊണ്ട് കുഴപ്പമൊന്നുമില്ല.”

ഹസ്രത്ത് ജാബിറുബ്നു അബ്ദില്ലയിൽ നിന്നുള്ള ഒരു റിപ്പോർട്ട് മുസ്‌ലിമിലും, മുസ്നദ് അഹ്മദിലും, ഇബ്നു മാജയിലുമുണ്ട്. അതിൽ അദ്ദേഹം ഇപ്രകാരം പറയുന്നു: “മന്ത്രിക്കുന്നതിനെ പ്രവാചകൻ ഞങ്ങളോട് വിലക്കിയിരുന്നു. പിന്നീട് അംറുബ്നു ഹസ്മിന്റെ ഗോത്രക്കാർ വന്നുകൊണ്ട് പറഞ്ഞു: തേള് കുത്തിയാൽ സുഖപ്പെടുന്നതിനായി ഒരു മന്ത്രം ഞങ്ങളുടെ കൈവശമുണ്ടായിരുന്നു. എന്നാൽ, ആ സമ്പ്രദായം അങ്ങ് ഞങ്ങൾക്ക് വിലക്കി. ശേഷം അവരുപയോഗിച്ച വചനങ്ങൾ അദ്ദേഹത്തിന് മുമ്പാകെ അവർ ഓതികേൾപ്പിച്ചു. അപ്പോൾ പ്രവാചകൻ പറഞ്ഞു: ഇതിൽ ഒരു കുഴപ്പവും ഞാൻ കാണുന്നില്ല. അതിനാൽ, ആർക്കെങ്കിലും തന്റെ സഹോദരന് നന്മ ചെയ്യാൻ സാധിക്കുമെങ്കിൽ, അപ്രകാരം ചെയ്യട്ടെ.” ജാബിറുബ്നു അബ്ദില്ലയിൽ നിന്നും മുസ്‌ലിമിലുള്ള മറ്റൊരു റിപ്പോർട്ട് ഇപ്രകാരമാണ്: “തേള് കുത്തിയാലുള്ള ഒരു മന്ത്രം ഹസ്മ് കുടുംബത്തിന്റെ കൈവശമുണ്ടായിരുന്നു. അതുപയോഗിക്കുന്നതിനെ പ്രവാചകൻ അനുവദിക്കുകയും ചെയ്തു. ഹസ്രത്ത് ആഇശയിൽ നിന്നുള്ള ഒരു റിപ്പോർട്ട് ഇതിനെ പിന്താങ്ങുന്നു. അത് മുസ്‌ലിം, മുസ്നദ് അഹ്മദ്, ഇബ്നു മാജ എന്നിവയിലുദ്ധരിച്ചിട്ടുണ്ട്: “അൻസാരികളിൽപെട്ട ഒരു കുടുംബത്തിന് എല്ലാ വിഷബാധയിൽ നിന്നും മന്ത്രിക്കുവാൻ പ്രവാചകൻ ഇളവ് നൽകിയിരിക്കുന്നു”. ഇതിന് സമാനമായ റിപ്പോർട്ടുകൾ ഹസ്രത്ത് അനസിൽ നിന്നും മുസ്നദ് അഹ്മദ്, തിർമിദി, മുസ്‌ലിം,

---

[20] ‘നംല’ എന്നത് ശരീരത്തിലുണ്ടാകുന്ന പ്രത്യേക തരം കുരുക്കളോ മുഴകളോ ആണ്.

ഇബ്നു മാജ എന്നിവയിലുദ്ധരിക്കപ്പെട്ടിട്ടുണ്ട്. വിഷബാധയിൽ നിന്നും, പൊള്ളലിനും, കണ്ണേറിനും മന്ത്രങ്ങളുപയോഗിക്കാൻ പ്രവാചകൻ അനുവാദം നൽകിയതായി ആ റിപ്പോർട്ടുകൾ പറയുന്നു.

അബില്ലഹമിന്റെ മോചിപ്പിക്കപ്പെട്ട അടിമയായ ഹസ്രത്ത് ഉമൈറിൽ നിന്നും മുസ്നദ് അഹ്മദ്, തിർമിദി, ഇബ്നു മാജ എന്നിവയിൽ ഒരു റിപ്പോർട്ട് ഉദ്ധരിക്കുന്നു: "ജാഹിലിയ്യാ കാലത്ത് മന്ത്രിച്ചിരുന്ന ഒരു മന്ത്രം എന്റെ പക്കലുണ്ടായിരുന്നു. പ്രവാചകന്റെ മുമ്പാകെ ഞാൻ അത് സമർപ്പിച്ചപ്പോൾ, അതിലെ ഇന്ന ഇന്ന പദങ്ങൾ ഒഴിവാക്കി ബാക്കിയുള്ളവ കൊണ്ട് മന്ത്രിക്കുവാൻ പ്രവാചകൻ എനിക്ക് അനുവാദം നൽകി." മുവത്വയിൽ ഇപ്രകാരം കാണാം: "ഹസ്രത്ത് അബൂബക്ർ തന്റെ മകളായ ഹസ്രത്ത് ആഇശയുടെ വീട്ടിലേക്ക് ചെന്നപ്പോൾ, അവർക്ക് അസുഖം ബാധിച്ചതായി കണ്ടു. ഒരു ജൂത വനിത അവരെ മന്ത്രിക്കുന്നുണ്ടായിരുന്നു. അപ്പോൾ അദ്ദേഹം അവരോട് പറഞ്ഞു: അല്ലാഹുവിന്റെ ഗ്രന്ഥമുപയോഗിച്ച് അവളെ മന്ത്രിക്കുക." വേദക്കാർ തൗറാത്തിലെയോ ഇഞ്ചീലിലെയോ വചനങ്ങളുപയോഗിച്ച് മന്ത്രിക്കുകയാണെങ്കിൽ അതും അനുവദനീയമാണെന്ന് ഇത് തെളിയിക്കുന്നു.[21]

രോഗശമനത്തിന് വേണ്ടി മന്ത്രിക്കുന്നത് ഫലവത്താണോ അല്ലേ എന്ന ചോദ്യത്തിനുള്ള മറുപടി ഇതാണ്: രോഗശമനത്തിനായി ഔഷധമുപയോഗിക്കുന്നതിനെയും, വൈദ്യചികിത്സ തേടുന്നതിനെയും പ്രവാചകൻ വിലക്കിയിട്ടില്ലെന്ന് മാത്രമല്ല, അല്ലാഹു എല്ലാ രോഗങ്ങൾക്കും പ്രതിവിധി നിശ്ചയിച്ചിട്ടുണ്ടെന്ന് പഠിപ്പിക്കുകയും ആ പ്രതിവിധികളുപയോഗിക്കാൻ അദ്ദേഹം തന്റെ അനുയായികളെ പ്രോൽസാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചില രോഗങ്ങൾക്കുള്ള പ്രതിവിധികൾ അദ്ദേഹം തന്നെ ജനങ്ങൾക്ക് പറഞ്ഞുകൊടുത്തിട്ടുമുണ്ട്. അതെല്ലാം കിതാബുത്ത്വിബ്ബിലെ (ചികിത്സയുടെ ഗ്രന്ഥം) ഹദീഥുകളിൽ കാണാവുന്നതാണ്. എന്നാൽ, ഔഷധം ഫലവത്താകുന്നത് അല്ലാഹുവിന്റെ അനുമതിയോടു കൂടി മാത്രമാണ്. അതല്ല, ഔഷധവും വൈദ്യചികിത്സയും എല്ലായിപ്പോഴും ഫലപ്രദമാകുകയാണെങ്കിൽ ആശുപത്രികളിൽ വെച്ച് ആരും മരിക്കുകയില്ലായിരുന്നു. ഇനി, ഔഷധങ്ങൾക്കും വൈദ്യചികിത്സക്കും പുറമെ അല്ലാഹുവിന്റെ വചനങ്ങളും സുന്ദരനാമങ്ങളും ഉപയോഗിക്കുകയോ, വൈദ്യസഹായം ലഭ്യമല്ലാത്തിടത്ത് അല്ലാഹുവിലേക്ക് തിരിഞ്ഞുകൊണ്ട് അവന്റെ വചനങ്ങളും, നാമവിശേഷണങ്ങളുമുപയോഗിച്ച് അവനോട് തേടുകയോ ചെയ്താൽ, യുക്തിവാദികൾക്കല്ലാതെ അത് യുക്തിക്കെതിരായി തോന്നുകയില്ല. എന്നാൽ, ലഭ്യമായിടങ്ങളിൽ ഔഷധവും ചികിത്സയും മനഃപൂർവ്വം നിരസിച്ചുകൊണ്ട് മന്ത്രങ്ങളെ മാത്രം ആശ്രയിക്കുന്നതും ശരിയല്ല. അങ്ങനെയായാൽ, മന്ത്രിക്കുന്നതിനെ ജനങ്ങൾ പതിവ് സമ്പ്രദായമാക്കി മാറ്റുകയും തങ്ങളുടെ ഉപജീവനമാർഗമായി സ്വീകരിക്കുകയും ചെയ്യും.

ബുഖാരി, മുസ്ലിം, തിർമിദി, മുസ്നദ് അഹ്മദ്, അബൂദാവൂദ്, ഇബ്നു മാജ എന്നിവയിലുദ്ധരിച്ച അബൂസഈദിൽ ഖുദ്രിയിൽ നിന്നുള്ള ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പലരും ഇതിനനുകൂലമായി വാദിക്കുന്നത്. ഇബ്നു അബ്ബാസിൽ നിന്നും ബുഖാരി ഉദ്ധരിക്കുന്ന ഒരു റിപ്പോർട്ട് ഇതിനെ പിന്താങ്ങുന്നതാണ്. അതുപ്രകാരം, അബൂ സഈദുൽ ഖുദ്രിയും മറ്റു ചില അനുയായികളുമുൾപ്പെടുന്ന ഒരു ദൗത്യസംഘത്തെ പ്രവാചകൻ നിയോഗിച്ചയച്ചു. വഴിയിൽ, ഒരു അറബി ഗോത്രത്തിന്റെ അധിവാസ

[21] ഈ പരമ്പരയിലൂടെ ഇമാം മാലിക് "മുവത്വ" (3/121)യിൽ, ഇബ്നു അബീ ശൈബ (8/50/3663), ഖറാഇതീ "മകാരിമുൽ അഖ്ലാക്" (2/977/1105)ൽ, ബൈഹഖി (9/349) എന്നിവർ ഉദ്ധരിച്ചു. ഇതിന്റെ പരമ്പര "മുൻഖത്വിഅ്" (കണ്ണി മുറിഞ്ഞത്) ആണ്. അംറ (رحمه الله) ഒരിക്കലും അബൂബക്ർ സിദ്ദീഖി(رضي الله عنه)നെ കണ്ടിട്ടില്ല. അംറ (رحمه الله) ജനിക്കുന്നത് തന്നെ അബൂബക്ർ സിദ്ദീക് (رضي الله عنه) മരിച്ച് 13 വർഷങ്ങൾക്ക് ശേഷമാണ്. ഇമാം ബൈഹഖി ഉദ്ധരിക്കുന്ന പരമ്പരയിൽ അംറയുടെയും അബൂബക്റിന്റെയുമിടയിൽ ആഇശയെ കാണാം. എന്നാൽ, അത് അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ മാത്രമാണുള്ളത്. മുകളിലുദ്ധരിച്ചവരുടെ റിപ്പോർട്ടുകൾക്ക് വിരുദ്ധവുമാണത്. കൂടാതെ, അബൂബക്ർ സിദ്ദീക്(رضي الله عنه) ഒരു ജൂത സ്ത്രീയോട് ആഇശയ്(رضي الله عنها)ക്ക് വേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുമെന്ന് വിശ്വസിക്കാൻ ന്യായമില്ല എന്നത് പോലെ തന്നെ, അദ്ദേഹം ഒരു ജൂത സ്ത്രീയോട് ആഇശയ്(رضي الله عنها)ക്ക് വേണ്ടി മന്ത്രിക്കാൻ ആവശ്യപ്പെടുമെന്ന് വിശ്വസിക്കാൻ ന്യായമില്ല. കൂടുതൽ അറിയുവാൻ ശൈഖ് നാസ്വിറുദ്ദീനുൽ അൽബാനി(رحمه الله)യുടെ 'സിൽസിലതുസ്സഹീഹ:' (6/1161) കാണുക.

കേന്ദ്രത്തിനടുത്ത് അവർ ഇറങ്ങി, ആ ജനതയോട് ആതിഥ്യം ആവശ്യപ്പെട്ടു. എന്നാൽ, ആതിഥ്യമരുളാൻ അവർ തയ്യാറായില്ല. അതേ സമയത്ത് തന്നെ, അതിലെ ഗോത്രനേതാവിനെ ഒരു തേൾ കുത്തി. തങ്ങളുടെ നേതാവിനെ ചികിത്സിക്കാനുള്ള വല്ല മരുന്നോ മന്ത്രമോ ഉണ്ടോ എന്നന്വേഷിച്ച് കൊണ്ട് ജനങ്ങൾ ഈ ദൗത്യസംഘത്തിനടുക്കലേക്ക് വന്നു. ഹസ്രത്ത് അബൂ സഈദ് പറഞ്ഞു: "അതെ, ഞങ്ങളുടെ പക്കലുണ്ട്. എന്നാൽ, നിങ്ങൾ ഞങ്ങൾക്ക് ആതിഥ്യം നിഷേധിച്ചതുകൊണ്ട്, ഞങ്ങൾക്ക് വല്ലതും നൽകാമെന്ന് നിങ്ങൾ സമ്മതിച്ചാലല്ലാതെ ഞങ്ങൾ ചികിത്സിക്കുകയില്ല." ഒരു പറ്റം ആടുകളെ നൽകാമെന്ന് അവർ വാഗ്ദാനം ചെയ്തു (ചില റിപ്പോർട്ടുകൾ പ്രകാരം, 30 ആടുകൾ). അങ്ങനെ, അബൂ സഈദ് ചെന്ന് സൂറത്തുൽ ഫാതിഹ ഓതി തന്റെ ഉമിനീർ ശേഖരിച്ച് കുത്തേറ്റ ഭാഗത്ത് പുരട്ടി. തത്ഫലമായി, ഗോത്രനേതാവിന് വിഷബാധയിൽ നിന്നും ആശ്വാസം ലഭിച്ചു. വാഗ്ദാനം ചെയ്തത് പോലെ ആടുകളെ അവർക്ക് നൽകുകയും ചെയ്തു. എന്നാൽ അനുയായികൾ പരസ്പരം പറഞ്ഞു, 'പ്രവാചകനോട് ഇതിനെ കുറിച്ച് ചോദിച്ചന്വേഷിക്കുന്നത് വരെ നാം ഈ ആടുകളെ ഉപയോഗിക്കാതിരിക്കുക.' എന്തെന്നാൽ, തങ്ങൾ ചെയ്ത ഈ പ്രവൃത്തിക്ക് പ്രതിഫലം സ്വീകരിക്കുന്നത് അനുവദനീയമാണോ എന്ന് അവർ സംശയിച്ചു. അങ്ങനെ അവർ പ്രവാചകന്റെ അടുക്കലെത്തി സംഭവിച്ചതെല്ലാം വിവരിച്ചു. പ്രവാചകൻ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: 'ഇത്തരം ഉപദ്രവങ്ങൾ ചികിത്സിക്കുന്നതിന് സൂറത്തുൽ ഫാതിഹ ഉപയോഗിക്കാമെന്ന് നിങ്ങൾക്കെങ്ങനെ മനസിലായി? ആ ആടുകളെ നിങ്ങൾ എടുത്തുകൊള്ളുക. എന്റെ ഓഹരി എനിക്ക് നൽകുകയും ചെയ്യുക.'

മന്ത്രിക്കുകയും ഏലസ് നൽകുകയും[22] ചെയ്യുന്നത് ഒരു സ്ഥിരം തൊഴിലായി സ്വീകരിക്കാനുള്ള അനുവാദത്തിന് ഈ ഹദീഥ് ഉപയോഗിക്കുന്നതിന് മുമ്പായി, ഹസ്രത്ത് അബൂ സഈദുൽ ഖുദ്‌രി ഏത് സാഹചര്യത്തിലാണ് ഈ മാർഗം അവലംബിച്ചതെന്ന് പരിശോധിക്കണം. പ്രവാചകൻ അത് അനുവദിക്കുക മാത്രമല്ല, അത് അനുവദനീയമാണെന്ന കാര്യത്തിൽ സ്വഹാബികളുടെ മനസ്സിൽ ഒരു സംശയവും അവശേഷിക്കാതിരിക്കാൻ അദ്ദേഹത്തിനുള്ള ഓഹരി നൽകാനും ആവശ്യപ്പെടുകയുണ്ടായി. അറേബ്യയുടെ അന്നത്തെ അവസ്ഥ (ഇന്നും അപ്രകാരം തന്നെയാണ്) എങ്ങനെയാണെന്നാൽ, അധിവാസകേന്ദ്രങ്ങൾ തമ്മിൽ നൂറു കണക്കിന് മൈലുകളുടെ ദൂരമുണ്ടാകും. ദിവസങ്ങളോളം യാത്ര ചെയ്ത് ഇത്തരം കേന്ദ്രങ്ങളിലെത്തിയാൽ, ഒരു യാത്രക്കാരന് ഭക്ഷണം വാങ്ങാൻ ഹോട്ടലുകളൊന്നും ഉണ്ടാകുകയില്ല. അത്തരം സാഹചര്യങ്ങളിൽ, ഒരു യാത്രക്കാരൻ ഏതെങ്കിലും ഒരു അധിവാസ കേന്ദ്രത്തിലെത്തിയാൽ, അവന് ആതിഥ്യമരുളുക എന്നുള്ളത് ഒരു ധാർമിക ബാധ്യതയായി അവർ കണക്കാക്കിയിരുന്നു. അവർ വിസമ്മതിച്ചാൽ, പൊതുവിൽ, വഴിയാത്രക്കാരുടെ മരണം തന്നെയാണ് ഫലം. അറബികൾക്കിടയിൽ ഇത് വലിയൊരു അപരാധമായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത്. അത് കാരണമാണ് പ്രവാചകൻ(ﷺ) തന്റെ അനുചരൻമാരുടെ ചെയ്തിയെ അനുവദിച്ചത്. ആ ഗോത്രക്കാർ ആതിഥ്യം നിരസിച്ചത് കൊണ്ട് അവരുടെ നേതാവിനെ ചികിത്സിക്കാൻ ഇവരും വിസമ്മതിച്ചു. എന്നാൽ, വല്ലതും പകരം നൽകാമെന്ന ഉറപ്പ് ലഭിച്ചപ്പോൾ മാത്രമാണ് അവർ അദ്ദേഹത്തെ ചികിത്സിക്കാൻ തയ്യാറായത്. അനന്തരം, അല്ലാഹുവിൽ പ്രതീക്ഷയർപ്പിച്ച അവരിലൊരാൾ നേതാവിനു മേൽ സൂറത്തുൽ ഫാതിഹ ഓതിയപ്പോൾ, അദ്ദേഹത്തിന് ഭേദമാവുകയും, വാഗ്ദാനം ചെയ്ത പ്രതിഫലം അവർക്ക് നൽകുകയും ചെയ്തു. ആ പ്രതിഫലം നിയമാനുസൃതവും ശുദ്ധവുമായ നിലക്ക് സ്വീകരിക്കാൻ പ്രവാചകൻ അവർക്ക് അനുവാദം നൽകി. ഹസ്രത്ത് അബ്ദുല്ലാഹിബ്നു അബ്ബാസിൽ നിന്നും ബുഖാരി ഉദ്ധരിക്കുന്ന ഒരു റിപ്പോർട്ടിൽ, ഈ സംഭവത്തെ കുറിച്ച് പ്രവാചകൻ പറയുന്നു: 'നിങ്ങൾ ഇപ്രകാരമായിരുന്നില്ല ചെയ്യേണ്ടിയിരുന്നത്. നിങ്ങൾക്ക് ഉത്തമം അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും അതിന് പ്രതിഫലം സ്വീകരിക്കുകയും ചെയ്യുന്നതായിരുന്നു.' മറ്റേത് മന്ത്രത്തേക്കാളും ശ്രേഷ്ഠമായത് അല്ലാഹുവിന്റെ വചനമാണെന്ന സത്യം ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയാണ് അദ്ദേഹം ഇത് പറഞ്ഞത്. മാത്രമല്ല, സാന്ദർഭികമായി ആ അറേബ്യൻ ഗോത്രത്തിന് സന്ദേശമെത്തിക്കുകയും,

[22] ഏലസ്സുകൾ പ്രവാചകൻ(ﷺ) അനുവദിച്ചതായി പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടിട്ടില്ല.

അതിന്റെ ആളുകൾക്ക് നബി തിരുമേനി അല്ലാഹുവിൽ നിന്നും കൊണ്ടുവന്ന വചനത്തിന്റെ അനുഗ്രഹങ്ങളെ കുറിച്ച് ബോധ്യപ്പെടുത്തുകയും ചെയ്തു. ഇത്തരം ആവശ്യങ്ങൾക്ക് വേണ്ടി പട്ടണങ്ങളിലും നഗരങ്ങളിലും ക്ലീനിക്കുകൾ നടത്തുന്നതിനും, ഉപജീവനം തേടുന്നതിനുള്ള ഒരു പതിവ് വ്യവഹാരമായി ഇതിനെ സ്വീകരിക്കുന്നതിനും ഈ സംഭവത്തെ ജനങ്ങൾക്ക് മാതൃകയായി ഉദ്ധരിച്ചു കൂടാ. പ്രവാചകന്റേയോ, അദ്ദേഹത്തിന്റെ അനുചരൻമാരുടെയോ, അവരുടെ ശിഷ്യൻമാരുടെയോ, ആദ്യകാല ഇമാമുകളുടെയോ ജീവിതത്തിലും അനുഷ്ഠാന ങ്ങളിലുമൊന്നും ഇതിന് മാതൃക കണ്ടെത്താൻ സാധ്യമല്ല.''[23]

ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകൻ മൗദൂദി മന്ത്രവുമായി ബന്ധപ്പെട്ടുകൊണ്ട് നടത്തിയ സുദീർഘമായ വിശദീകരണമാണ് മുകളിൽ നമ്മൾ വായിച്ചത്. സത്യവിശ്വാസികളുടെ ഹൃദ യത്തെ ബാധിക്കാനിടയുള്ള രോഗങ്ങൾക്ക് ക്വുർആൻ ശമനമാകുന്നത് പോലെ ശാരീരിക രോഗങ്ങളും ക്വുർആൻ കൊണ്ട് മന്ത്രിച്ചാൽ ശമനം ലഭിക്കുമെന്നത് ഇസ്‌ലാമിക പ്രമാണങ്ങൾ വ്യക്തമാക്കുന്നതാണ്. മൗദൂദിയാകട്ടെ അസ്വീകാര്യമായ ഹദീഥ് ഉദ്ധരിച്ചു കുറച്ചുകൂടി മുമ്പിൽകടന്നുകൊണ്ട് തൗറാത്തും ഇഞ്ചീലും ഉപയോഗിച്ചു പ്രസ്തുത ചികിത്സ നടത്താമെന്ന് അഭിപ്രായപ്പെടുന്നു. അതുകൂടാതെ, നബി(ﷺ) ഏലസ്സുപയോഗിക്കുന്നതിനെ പൊതുവായി വിരോധിച്ച പ്രബലമായ ഹദീസുകൾ ഉണ്ടായിരിക്കെ ക്വുർആൻ ഏലസ്സിലെഴുതി ശരീരത്തിൽ കെട്ടുന്നതിനെയും അദ്ദേഹം അനുകൂലിക്കുന്നു. ഇത്തരം ഉപദേശങ്ങൾ നൽകിയ മൗദൂദിയുടെ അനുയായികൾക്ക് അതിലെ കതിരും പതിരും വേർതിരിക്കാനുള്ള ത്രാണിയില്ലാത്ത തുകൊണ്ടും പ്രമാണങ്ങളിൽ വന്നതിനെ സത്യപ്പെടുത്താനുള്ള ആർജവമില്ലാത്തതുകൊണ്ടും തഫ്ഹീമിൽ നിന്ന് പ്രസ്തുത ഭാഗം മുക്കിക്കളയുകയാണ് ഇവർ ചെയ്തത്. ഇത്തരത്തിൽ കൃത്രിമം ചെയ്യുന്ന ഇവരാണ് മുജാഹിദുകളുടെ പൈതൃകമന്വേഷിച്ച് നടക്കുന്നത്! മൗദൂദികൾ ഇനിയെങ്കിലും അറിയുക, കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ പാരമ്പര്യമന്വേഷിച്ചാൽ അത് അഹ്‌ലുസ്സുന്നയുടെ ഇമാമുകൾ വഴി നബി(ﷺ)യുടെ യഥാർത്ഥ ദീനിലായിരിക്കും എത്തുക, കാരണം അതിന് പരിചയപ്പെടുത്താനുള്ളത് ക്വുർആനും സുന്നത്തും അത് സ്വീകരിക്കാനുള്ള മാനദണ്ഡമായ സലഫീ മൻഹജുമാണ്. എന്നാൽ ജമാഅത്തെ ഇസ്‌ലാമിയുടെ പാരമ്പര്യം പരിശോധനക്ക് വിധേയമാക്കിയാൽ ഖവാരിജുകളുടെ മൻഹജിലേക്കും, ജൂതപാരമ്പര്യമുള്ള അബ്ദുല്ലാഹിബ്നു സബഇലേക്കോ നബി(ﷺ)യുടെ നാവിനാൽ വിമർശിക്കപ്പെട്ട ദുൽഖുവൈസിറയിലേക്കൊ ആയിരിക്കും ചെന്നെത്തുക.

ക്വുർആനിലേക്ക് ക്ഷണിച്ചാൽ വ്യതിയാന കക്ഷികൾ പ്രകടിപ്പിക്കുന്ന അതേ അന്ധതയാണ് ജമാഅത്തെ ഇസ്‌ലാമിയും ഇക്കാലമത്രെയും പ്രകടമാക്കിയിട്ടുള്ളത്. അല്ലാഹു പറഞ്ഞില്ലേ:

قُلْ هُوَ لِلَّذِينَ آمَنُوا هُدًى وَشِفَاءٌ ۖ وَالَّذِينَ لَا يُؤْمِنُونَ فِي آذَانِهِمْ وَقْرٌ وَهُوَ عَلَيْهِمْ عَمًى ۚ أُولَـٰئِكَ يُنَادَوْنَ مِن مَّكَانٍ بَعِيدٍ

''നീ പറയുക: അത് (ഖുർആൻ) സത്യവിശ്വാസികൾക്ക് മാർഗദർശനവും ശമനൗഷധ വുമാകുന്നു. വിശ്വസിക്കാത്തവർക്കാകട്ടെ അവരുടെ കാതുകളിൽ ഒരു തരം ബധിരതയുണ്ട്. അത് (ഖുർആൻ) അവരുടെ മേൽ ഒരു അന്ധതയായിരിക്കുന്നു. ആ കൂട്ടർ വിദൂരമായ ഏതോ സ്ഥലത്ത് നിന്ന് വിളിക്കപ്പെടുന്നു (എന്ന പോലെയാകുന്നു അവരുടെ പ്രതികരണം).''[24]

പ്രസ്തുത ആയത്ത് മുമ്പിൽ വെച്ചുകൊണ്ട് ഒന്ന് ചോദിക്കട്ടെ, ക്വുർആനിലേക്കും സുന്നത്തിലേക്കുമുള്ള മുജാഹിദുകളുടെ വിളിയാണോ മൗദൂദികൾക്ക് ഇന്ന് നവയാഥാ സ്തികതയായി തോന്നുന്നത്? ഈ വിളി ഏതോ സ്ഥലത്തുനിന്ന് വിളിക്കപ്പെടുന്നതായി നിങ്ങൾക്ക് അനുഭവപ്പെടുന്നുണ്ടോ? അങ്ങനെയെങ്കിൽ സംഗതി വളരെ അപകടമാണ്. അതിന്റെ കാരണം മൗദൂദി തന്നെ പറയട്ടെ: ''ദൂരെനിന്ന് ഒരാളോട് വിളിച്ചുപറഞ്ഞാൽ ശബ്ദം കാതിൽ പതിക്കുമെങ്കിലും പറയുന്നവൻ എന്താണ് പറയുന്നതെന്ന് കേൾക്കുന്നവന്

[23] തഫ്ഹീമുൽ ക്വുർആൻ: അൽമുഅവ്വദതൈനിയുടെ ആമുഖത്തിൽ നിന്ന്.

[24] ക്വുർആൻ 41:44

മനസ്സിലാവില്ല. നിസ്തുലമായ ഈ ഉപമയിലൂടെ നിഷേധികളായ പ്രതിയോഗികളുടെ മാനസികാവസ്ഥ പൂർണ രൂപത്തിൽ വരച്ചുകാണിച്ചി രിക്കുകയാണിവിടെ. ബഹളത്തിലൊന്നും പെട്ടിട്ടില്ലാത്ത ഒരാളോട് നിങ്ങൾ സംസാരിച്ചാൽ അതയാൾ കേൾക്കുക എന്നതും മനസ്സിലാക്കാൻ ശ്രമിക്കുക എന്നതും സ്വാഭാവികമാണ്. യുക്തിസഹമായ കാര്യമാണെങ്കിൽ അതയാൾ അംഗീകരിക്കുകയും ചെയ്യും. നേരെമറിച്ച്, ഒരാൾ നിങ്ങളെ എതിർക്കുക മാത്രമല്ല, ശത്രുതയും വിദ്വേഷവും വെച്ചു പുലർത്തുകകൂടി ചെയ്യുന്നുണ്ടെങ്കിൽ, അയാൾക്ക് നിങ്ങളുടെ വാദം മനസ്സിലാക്കിക്കൊടുക്കാൻ എത്ര ശ്രമിച്ചാലും അയാൾ അതൊട്ടും മനസ്സിലാക്കുകയില്ല. നിങ്ങളുടെ വാക്കുകൾ അയാളുടെ ചെവിയുടെ മുടിയിൽ തട്ടി കടന്നുപോവുകയാണെന്നും മനസ്സിലേക്കോ മസ്തിഷ്കത്തിലേക്കോ അത് പ്രവേശിക്കുന്നില്ലെന്നും നിങ്ങൾക്കുതന്നെ തോന്നും.”[25]

അല്ലാഹു കാക്കട്ടെ.

[25] തഫ്ഹീമുൽ ഖുർആൻ, സൂറഃ ഹാമീം സജദഃ 44-ാം ആയത്തിന്റെ വ്യാഖ്യാനം